

Editorial

# അവർണ്ണനീയമായ അഗാപ്പെ സ്നേഹം

മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹം വാക്കുകൾക്കതീതവും അവർണ്ണനീയവും ആണ്. ലോകത്തിലുള്ള സകല വസ്തുവകകളും ജീവജാലങ്ങളും മനുഷ്യനുവേണ്ടി സൃഷ്ടിച്ചതിനു ശേഷമാണ് സൃഷ്ടിയുടെ മകുടമായ മനുഷ്യനെ ദൈവം സൃഷ്ടിച്ചത്. മറ്റെല്ലാ സൃഷ്ടികളിൽ നിന്നും വ്യത്യസ്തമായി മനുഷ്യനെ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും ആണ് സൃഷ്ടിച്ചത്. മനുഷ്യന് മാത്രമാണ് ജീവശ്വാസം ഊതി ആത്മാവിനെ ദൈവം നൽകിയത്. സകലവും മനുഷ്യന് വേണ്ടി സൃഷ്ടിച്ച ദൈവം മനുഷ്യവർഗ്ഗത്തെ തനിക്കായി സൃഷ്ടിച്ചു. 'ഇതാ മനുഷ്യരോടുകൂടി ദൈവത്തിന്റെ കൂടാരം' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ അദമ്യമായ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ കൂടിയാണ്. നമ്മോടുള്ള ദൈവത്തിന്റെ നിസ്തുല സ്നേഹത്തെ മറനീക്കി വെളിപ്പെടുത്തിക്കൊണ്ടാണ് യേശുകർത്താവ് മനുഷ്യജന്മമെടുത്തു ഭൂമിയിൽ വസിച്ചതും തന്റെ സ്വന്തജീവനെ നൽകി പാപകൂപത്തിൽ നിന്ന് നമ്മെ വീണ്ടെടുത്തതും. സഹോദരനുവേണ്ടി സ്വന്തജീവനെ നൽകുന്നതിലും വലിയ സ്നേഹം ആർക്കുമില്ല. അളവുകൾക്കും പരിധികൾക്കും അതീതമാണ് നമ്മോടു കാണിച്ച ദൈവസ്നേഹം.

ദൈവത്തിൽ നിന്ന് ആഴമേറിയ സ്നേഹം അനുഭവിച്ച ചിലർ, തങ്ങളുടെ ജീവനും സർവ്വസ്വവും കർത്താവിനുവേണ്ടി സമർപ്പിക്കുന്ന വിശേഷതയേറിയ ജീവിതാനുഭവങ്ങൾ, തിരുവെഴുത്തുകളിൽ നിന്ന് വ്യക്തമാക്കിക്കൊണ്ട് നാമും നമ്മുടെ സമയവും ജീവിതവും കർത്താവിനായി ചിലവഴിക്കണമെന്നു പ്രബോധിപ്പിച്ചുണർത്തുന്നു ഈ ലക്കത്തിലെ സന്ദേശം. നിത്യത മുഴുവൻ നിലനിൽക്കുന്ന നിത്യസ്നേഹത്താൽ ദൈവവുമായി ഉറ്റസ്നേഹബന്ധം നാം അളവുകൂടാതെ വെളിപ്പെടുത്തണം എന്ന് ദൈവം നമ്മിൽനിന്നും പ്രതീക്ഷിക്കുന്നു. തന്നെ, സ്നേഹിക്കുന്നവർക്ക് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന വിവിധ പ്രതിഫലങ്ങൾ തിരുവചനത്തിൽ നമുക്കായി രേഖപ്പെടുത്തിയിരിക്കുന്നു.

ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവമക്കളെയും അതേ അളവിൽ സ്നേഹിക്കേണ്ടതാണ്. ക്ഷമയും ദയയും നിറഞ്ഞ, അസൂയപ്പെടാത്ത, ആത്മപ്രശംസ ചെയ്യാത്ത, അഹങ്കരിക്കാത്ത, അന്യരെ അപമാനിക്കാത്ത, സ്വാർത്ഥമില്ലാത്ത, കോപിക്കാത്ത, ദോഷം കണക്കിടാത്ത അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്ന സ്വർഗ്ഗീയ സ്നേഹത്തിന്റെ കവിഞ്ഞൊഴുകുന്ന ഉറവ നമ്മിൽ നിന്ന് അനുസ്യൂതം പാഞ്ഞൊഴുകുവാൻ ദൈവകരങ്ങളിൽ നമ്മെ സമർപ്പിക്കാം. അതിനായി എല്ലാ ലേഖനങ്ങളിലൂടെയും പരിശുദ്ധാത്മാവ് നമ്മെ പ്രബോധിപ്പിക്കുന്നു. ഈ ലക്കം മാസിക എല്ലാ വായനക്കാർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന പ്രാർത്ഥനയോടെ സമർപ്പിച്ചു കൊള്ളുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പുസ്തകം 14 ലക്കം 4
ഏപ്രിൽ 2025


മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**



Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**



Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos


# ഈ ലക്കത്തിൽ


**ഭയത്തെ പുറത്താക്കുന്ന സ്നേഹം** 4
ജോയ് എം. തോമസ്

**അടയാളം അനുസരണം ആവശ്യപ്പെടുന്നു** 7
സാജു മാത്യു

**ക്രിസ്തുവിന്റെ മഹാ പൗരോഹിത്യം** 9
ചെയ്സ് ജോസഫ്

**ഇളകാത്ത രാജ്യം അവകാശമാക്കാം** 11
ജോർജ് മാത്യു, പുതുപ്പള്ളി

**മലിനജലം ഒഴുക്കുന്ന അഴുക്കുചാലുകൾ** 13
ഫ്രാൻസിസ് ഫ്രാങ്കിപെൻ

**കൗൺസലിംഗ് വീഥി** 16
പി.വി വർഗീസ്

**അനുഭവിക്കുവാനുള്ള ആത്മിക ആസ്വാദനങ്ങൾ** 18
വാച്ച്മാൻ നീ

**വനിതാ വീഥി** 21
സുജ വിനു

**ദൈവശക്തിയായ ക്രൂശിന്റെ വചനം** 23
ഷാജി ഉമ്മൻ

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താവീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം തോമസ്

# ഭയത്തെ പുറത്താക്കുന്ന സ്നേഹം

നല്ല കാര്യങ്ങൾ ചെയ്യുവാൻ ആഗ്രഹമുണ്ടെങ്കിലും പലരും ഭയം മൂലം ഉൾവലിയുകയാണ് പതിവ്. പ്രത്യേകാൽ സുവിശേഷം അറിയിക്കുന്നതിൽ നിന്ന് ഭയം പലരെയും പിന്തിരിപ്പിക്കുന്നു. എന്നാൽ മഗ്ദലക്കാരി മറിയ നമുക്ക് നല്ല ഒരു മാതൃക കാട്ടുന്നു. യേശുവിനോടുള്ള അവളുടെ ആത്മാർത്ഥസ്നേഹം സകല ഭയത്തെയും പുറത്താക്കിയിരിക്കുന്നു. തത്ഫലമായി ഉയിർത്തെഴുന്നേറ്റ യേശുവിനെ ഏറ്റവും ആദ്യം കാണുവാനുള്ള ഭാഗ്യവും അവൾക്ക് ലഭിച്ചു.

***'എന്നാൽ മറിയ കല്ലറയ്ക്കൽ പുറത്ത് കരഞ്ഞുകൊണ്ട് നിന്നു. കരയുന്നതിനിടയിൽ അവൾ കല്ലറയിൽ കുനിഞ്ഞു നോക്കി യേശുവിന്റെ ശരീരം കിടന്നിരുന്ന ഇടത്ത് വെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ ഒരുത്തൻ തലയ്ക്കലും ഒരുത്തൻ കാൽക്കലും ഇരിക്കുന്നത് കണ്ടു. അവർ അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണു നീ കരയുന്നത്? അവൾ പറഞ്ഞു: എന്റെ കർത്താവിനെ അവർ എടുത്തു കൊണ്ടുപോയി; അവർ അവനെ എവിടെയാണു വച്ചിരിക്കുന്നത് എന്ന് എനിക്കറിഞ്ഞുകൂടാ. ഇതു പറഞ്ഞിട്ട് പുറകോട്ടു തിരിഞ്ഞപ്പോൾ യേശു നിൽക്കുന്നത് അവൾ കണ്ടു. എന്നാൽ, അത് യേശുവാണെന്ന് അവൾക്കു മനസ്സിലായില്ല. യേശു അവളോടു ചോദിച്ചു: സ്ത്രീയേ, എന്തിനാണ് നീ കരയുന്നത്? നീ ആരെയാണ് അന്വേഷിക്കുന്നത്? അതു തോട്ടക്കാരനാണെന്നു വിചാരിച്ച് അവൾ പറഞ്ഞു: പ്രഭോ, അങ്ങ് അവനെ എടുത്തുകൊണ്ടു പോയെങ്കിൽ എവിടെ വച്ചു എന്ന് എന്നോടു പറയുക. ഞാൻ അവനെ എടുത്തുകൊണ്ടുപൊയ്ക്കൊള്ളാം. യേശു അവളെ വിളിച്ചു: മറിയം! അവൾ തിരിഞ്ഞ് റബ്ബൂനി എന്ന് എബ്രായ ഭാഷയിൽ വിളിച്ചു, അതിനു ഗുരു എന്നർഥം. യേശു പറഞ്ഞു: നീ എന്നെ തടഞ്ഞു നിർത്താതിരിക്കുക. എന്തെന്നാൽ, ഞാൻ പിതാവിന്റെ അടുത്തേക്ക് ഇതുവരെയും കയറിയിട്ടില്ല. നീ എന്റെ സഹോദരന്മാരുടെ അടുത്തുചെന്ന് അവരോട് ഞാൻ എന്റെ പിതാവിന്റെയും നിങ്ങളുടെ പിതാവിന്റെയും എന്റെ ദൈവത്തിന്റെയും നിങ്ങളുടെ ദൈവത്തിന്റെയും അടുത്തേക്ക് ആരോഹണം ചെയ്യുന്നു എന്നു പറയുക. മഗ്ദലക്കാരത്തി മറിയ വന്ന് താൻ കർത്താവിനെ കണ്ടു എന്നും അവൻ ഇങ്ങനെ തന്നോട് പറഞ്ഞു എന്നും ശിഷ്യന്മാരോട് അറിയിച്ചു (യോഹന്നാൻ 20: 11 - 18)***

മുകളിലുദ്ധരിച്ച വരികൾ കുറിക്കുമ്പോൾ അപ്പോസ്തലനായ യോഹന്നാനു ഒരു പക്ഷേ മഗ്ദലക്കാരത്തി മറിയയോട് അസൂയ തോന്നിയിട്ടുണ്ടാകാം. യേശുവിനെ ഏറ്റവും അധികം സ്നേഹിച്ച ശിഷ്യൻ എന്ന പേർ പ്രാപിച്ച തനിക്കു പോലും സാധിക്കാത്ത കാര്യമാണല്ലോ മഗ്ദലമറിയത്തിനു സാധിച്ചത്. ക്രിസ്തുവിനെ ആത്മാർത്ഥമായി സ്നേഹിച്ച ആ പ്രിയ ശിഷ്യൻ യേശുവിനെ അത്രയധികം സ്നേഹിച്ച ക്രിസ്തുശിഷ്യയുടെ

ആത്മാർത്ഥ സ്നേഹം താനെഴുതിയ സുവിശേഷത്തിൽ വരച്ചു കാണിക്കുന്നതിൽ അഭിമാനിച്ചു എന്നാണ് നാം മനസ്സിലാക്കേണ്ടത്.

സംഭവം വിവരിക്കുന്നതിന്റെ അവസാനത്തിൽ മഗ്ദലക്കാരി മറിയ ഏകയായി കരഞ്ഞുകൊണ്ട് നിൽക്കുന്നതായിട്ടാണ് കാണുന്നത്. എന്നാൽ അവരുടെ യാത്രയുടെ ആരംഭത്തിൽ മറ്റുചില സ്ത്രീകളും അവളോടൊപ്പം ഉണ്ടായിരുന്നു. 'ശബ്ബത് കഴിഞ്ഞശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമയും ചെന്ന് അവനെ പൂശേണ്ടതിന് സുഗന്ധവർഗ്ഗം വാങ്ങി. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്തു സൂര്യനുദിച്ചപ്പോൾ അവർ കല്ലറയ്ക്കൽ ചെന്നു' (മർക്കോസ് 16: 1, 2). ഈ സ്ത്രീകൾ എല്ലാവരും യേശുവിന്റെ ക്രൂശീകരണവും യേശുവിനെ അടക്കം ചെയ്യുന്നതും നേരിൽ കണ്ടവരായിരുന്നു (യോഹന്നാൻ 19:25, ലൂക്കോസ് 23: 55,56). യേശുവിനെ ക്രൂശിച്ചത് അവരെ എല്ലാവരെയും വല്ലാതെ ദു:ഖിപ്പിച്ചു. പാപമില്ലാത്ത പരിശുദ്ധനെ, അനേകം പാപികളെ നേർവഴിക്കു നയിക്കുകയും ദു:ഖിതരെ ആശ്വസിപ്പിക്കുകയും രോഗികളെ സൗഖ്യമാക്കുകയും ചെയ്തവനെ, നന്മയും ശരിയുമായതു മാത്രം ചെയ്തവനെ, ക്രൂശീകരണത്തിന് വിധിച്ചതിന്റെ യുക്തി അവർക്ക് മനസ്സിലായതേയില്ല. തങ്ങളെ സ്നേഹിച്ച, തങ്ങൾക്ക് എല്ലാമായിരുന്ന ഗുരുവിന്റെ, മൃതശരീരത്തിൽ സുഗന്ധവർഗം പൂശുക എന്ന ഏക ആഗ്രഹമേ ഇപ്പോൾ അവരിലുള്ളൂ.

യേശുവിനെ ക്രൂശിച്ചതിന്റെ പിറ്റേദിവസം ശബ്ബത് ആയതിനാൽ അവർ വിശ്രമിച്ചു. ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം തങ്ങൾ വാങ്ങി തയ്യാറാക്കിയിരുന്ന സുഗന്ധവർഗ്ഗവും ആയി അതിരാവിലെ കല്ലറയ്ക്കൽ എത്തി. യേശുവിനെ സംസ്കരിക്കുന്നത് അവർ കണ്ടിരുന്നതുകൊണ്ട് ആ കല്ലറയുടെ വാതിൽക്കൽ ഉരുട്ടി വെച്ചിരുന്ന വലിയ കല്ലും അവർ ശ്രദ്ധിച്ചിരുന്നു. ആ കല്ല് ഉരുട്ടി മാറ്റുവാൻ അവർക്ക് കഴിയില്ല എന്നും അവർക്ക് അറിയാമായിരുന്നു (മത്തായി 27: 60,61). ഇതേക്കുറിച്ച് ആയിരുന്നു അവർ കല്ലറയ്ക്കലേക്ക് പുറപ്പെടുമ്പോൾ തമ്മിൽ തമ്മിൽ സംസാരിച്ചിരുന്നത്. 'കല്ലറയ്ക്കൽ നിന്ന് നമുക്കുവേണ്ടി ആർ കല്ല് ഉരുട്ടിക്കളയും?' കർത്താവിന്റെ ശിഷ്യന്മാരിൽ ചിലരെങ്കിലും അവിടെയെത്തും എന്ന് അവർ ഒരുപക്ഷേ ചിന്തിച്ചു കാണും. യേശുവിന്റെ സംസ്കാരം കണ്ടിട്ട് അവർ മടങ്ങിപ്പോയ ശേഷം മഹാപുരോഹിതന്മാരും മൂപ്പന്മാരും പീലാത്തോസിനെ ചെന്നു കണ്ടതും കല്ലിന്മേൽ റോമാ ഗവൺമെന്റിന്റെ മുദ്ര പതിപ്പിച്ചതും ഇനി പീലാത്തോസിന്റെ അനുമതി കൂടാതെ ആർക്കും അത് മാറ്റിക്കൂടാ എന്നതും കാവലിനായി കാവൽക്കൂട്ടത്തെ നിർത്തിയതുമൊന്നും (മത്തായി 27: 62– 68) ഒരുപക്ഷേ അവർ അറിഞ്ഞിട്ടുണ്ടാവില്ല.

കല്ല് ഉരുട്ടി മാറ്റിയത് കണ്ടാണ് കല്ലറയ്ക്കൽ എത്തിയ അവർ ആദ്യം അത്ഭുതപ്പെട്ടത്. വളരെ ആഴത്തിൽ ദു:ഖിതരായിരുന്ന അവരുടെ ഹൃദയത്തിൽ തെല്ലൊരാശ്വാസം ഉണ്ടായിക്കാണും. യേശുവിന്റെ മൃതശരീരത്തിൽ സുഗന്ധവർഗ്ഗം പൂശേണ്ടതിന് കല്ലറയിലേക്ക് ഇറങ്ങിയ അവർ കണ്ടത് ഒരു ദൈവദൂതനെയാണ്. അവർ ദൂതനെ കണ്ട് ഭ്രമിച്ചു. ഒരു ദൈവദൂതൻ ആണ് അവൻ എന്ന് അവർ ശരിക്കും മനസ്സിലാക്കിയിട്ടുണ്ടാവില്ല. അവരുടെ മാനസിക അവസ്ഥതന്നെ, വല്ലാത്ത ദു:ഖവും ഭയവും ഒക്കെ നിറഞ്ഞതായിരുന്നു വല്ലോ. അത്ഭുതമെന്നു പറയട്ടെ, യേശുവിന്റെ മൃതശരീരം ആ കല്ലറയിൽ അവർ കണ്ടില്ല. 'ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു, അവൻ ഉയിർത്തെഴുന്നേറ്റു, അവൻ ഇവിടെ ഇല്ല, അവനെ വച്ച സ്ഥലം ഇതാ,' എന്ന് ദൈവദൂതൻ അവരോട് പറഞ്ഞു. വാസ്തവത്തിൽ അവർക്കൊന്നുംതന്നെ മനസ്സിലായില്ല. അവർ കർത്താവിന്റെ ശിഷ്യന്മാരുടെ അടുത്തെത്തി തങ്ങൾ കണ്ടതും കേട്ടതും എല്ലാം അവരോട് അറിയിച്ചു (ലൂക്കോസ് 24: 9,10).

കല്ലറയിൽ യേശുവിന്റെ ശരീരം കാണുവാൻ കഴിയാതെ വന്നപ്പോൾത്തന്നെ, തന്റെ യേശുവിനെ ആരോ കട്ടുകൊണ്ടുപോയി എന്ന ചിന്തയാണ് മഗ്ദലക്കാരി മറിയയുടെ ഉള്ളിൽ പൊന്തിവന്നത് (യോഹന്നാൻ 20: 2). അവൾ അങ്ങനെ തന്നെയാണ് ശിഷ്യന്മാരോടും പറഞ്ഞത്. സ്ത്രീകൾ പറഞ്ഞ വാർത്തയുടെ നിജസ്ഥിതി അറിയുവാൻ പത്രോസും യോഹന്നാനും തീരുമാനിച്ചു, അവർ കല്ലറയിലേക്ക് ഓടി. പത്രോസിനെക്കാൾ വേഗത്തിൽ യോഹന്നാൻ ഓടി കല്ലറയ്ക്കൽ എത്തിയെങ്കിലും കല്ലറയ്ക്കുള്ളിൽ കടന്നില്ല. കല്ലറയ്ക്കുള്ളിലേക്ക് കുനിഞ്ഞു നോക്കി, ശീലകൾ കിടക്കുന്നത് കണ്ടു. പിന്നാലെ വന്ന പത്രോസ് കല്ലറയിലേക്ക് ഇറങ്ങി ശീലകൾ കിടക്കുന്നത് കണ്ടു, യേശുവിന്റെ ശരീരം അവിടെയില്ല എന്ന യാഥാർത്ഥ്യം രണ്ടുപേർക്കും ബോധ്യപ്പെട്ടു (യോഹന്നാൻ 20:38). എങ്കിലും

യേശു ഉയിർത്തെഴുന്നേറ്റു എന്ന യാഥാർത്ഥ്യം അവർക്ക് അപ്പോഴും ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. ദു:ഖവും നിരാശയും ഭയവും ഉള്ളവരായി അവർ മടങ്ങിപ്പോയി.

പത്രോസിനും യോഹന്നാനും പിന്നാലെ, മഗ്ദലക്കാരി മറിയ, യേശുവിന്റെ ശരീരം കണ്ടെത്തണം എന്ന ദൃഢനിശ്ചയത്തോടെ വീണ്ടും കല്ലറയ്ക്കൽ എത്തി! ദു:ഖിതയായ അവൾ കരഞ്ഞുകൊണ്ട് കല്ലറയ്ക്കൽ നിന്നു. കരയുന്നതിനിടയിൽ അവൾ കല്ലറയിലേക്ക് കുനിഞ്ഞു നോക്കുന്നുമുണ്ട്. തന്റെ കർത്താവിന്റെ ശരീരം ആരോ മോഷ്ടിച്ചു കൊണ്ടുപോയി എന്നുതന്നെ അവൾ ഉറച്ചു. ആരായിരിക്കും അത് ചെയ്തത്? അവൾക്ക് മനസ്സിലായില്ല. ആ ശരീരം കിട്ടിയാൽ എടുത്തു കൊണ്ട് പോകുവാൻ പോലും അവൾ ഒരുക്കമായിരുന്നു. കാരണം യേശു അവൾക്ക് അത്രത്തോളം പ്രിയങ്കരനാണ്. മൃതശരീരം എന്നൊന്നും അവൾ ചിന്തിച്ചതേയില്ല.

കല്ലറയിലേക്ക് കുനിഞ്ഞു നോക്കിയ മറിയ രണ്ട് ദൈവദൂതന്മാർ തന്നെ വിളിക്കുന്നത് കേട്ടു. ‘സ്ത്രീയെ നീ കരയുന്നത് എന്ത്?’ എന്ന് അവർ ചോദിച്ചു. മറുപടിയായി അവൾ: ‘എന്റെ കർത്താവിനെ അവർ എടുത്തുകൊണ്ടുപോയി അവനെ എവിടെ വെച്ചു എന്ന് ഞാൻ അറിയുന്നില്ല.’ എന്നു പറഞ്ഞിട്ട് പിന്നോട്ട് തിരിഞ്ഞപ്പോൾ അതാ ഒരാൾ അവിടെ നിൽക്കുന്നു! തന്റെ മുമ്പിൽ നിൽക്കുന്ന യേശുവിനെയും തിരിച്ചറിയുവാൻ അവൾക്ക് കഴിഞ്ഞില്ല. യേശു മരിച്ചു എന്നത് അവൾക്കുറപ്പായിരുന്നു, അടക്കപ്പെട്ടു എന്നതും ഉറപ്പ്, യേശുവിനെ അടക്കിയ കല്ലറയ്ക്കലാണ് ഇപ്പോൾ താൻ നിൽക്കുന്നത് എന്നും ഉറപ്പ്. പക്ഷേ യേശു കല്ലറയിൽ ഇല്ല. ആ ശരീരം എവിടെപ്പോയി...? ആരോ മോഷ്ടിച്ചു കൊണ്ടുപോയി എന്ന് ഉറപ്പിച്ചിരുന്ന അവൾ വളരെ ദു:ഖിതയായിരുന്നു. തന്റെ ആ മാനസിക അവസ്ഥയിൽ യേശുവിനെ കണ്ടിട്ടു പോലും അവൾക്ക് മനസ്സിലായില്ല.

ഇന്ന് നമുക്കും സംഭവിക്കുന്ന ഒരു കാര്യമാണ് ഇത്. നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്ന പല യാഥാർത്ഥ്യങ്ങളും ചിന്തിച്ച് അതോടൊപ്പം നമ്മുടേതായ വ്യാഖ്യാനങ്ങളും ചേർത്ത് നാം പലതും മനസ്സിൽ ഉറപ്പിക്കുന്നു. കർത്താവ് നമ്മുടെ മുമ്പിൽ വന്നു നിന്നാൽ പോലും തിരിച്ചറിയുവാൻ കഴിയാത്ത ദു:ഖത്തിന്റെയും നിരാശയുടെയും സംശയത്തിന്റെയും ഭയത്തിന്റെയും മാനസിക അവസ്ഥയിൽ നാമും ആകാറില്ലേ?

എന്നാൽ യേശു അവളെ നോക്കി ‘മറിയയെ’ എന്നു വിളിച്ചപ്പോൾ അവളുടെ കണ്ണുകൾ വിടർന്നു. അപ്പോൾ അവൾ തന്റെ കർത്താവിനെ തിരിച്ചറിഞ്ഞു. തന്റെ കണ്ണുകൾക്ക് മുമ്പിൽ മരിച്ച് അടക്കപ്പെട്ട കർത്താവ് ഉയിർത്തെഴുന്നേറ്റു എന്നത് അവളെ എത്രമാത്രം സന്തോഷവതിയും അത്ഭുതപരതന്ത്രയും ആക്കി... അങ്ങനെ ഉയിർത്തെഴുന്നേറ്റ യേശുവിനെ ഏറ്റവും ആദ്യം കാണുവാനുള്ള മഹാഭാഗ്യം അവൾക്ക് ലഭ്യമായി.

എന്താണ് ഭയം കൂടാതെ ഏകയായി ആ കല്ലറയ്ക്കൽ നിൽക്കുവാൻ മറിയയെ പ്രേരിപ്പിച്ചത്? യേശുവിനോടുള്ള അകമഴിഞ്ഞ സ്നേഹം! യേശു അവൾക്കായി ചെയ്ത വിടുതലിന്റെ ഓർമ്മ. 7 ഭൂതങ്ങൾ ബാധിച്ച് നശിച്ച്, ആർക്കും വേണ്ടാതിരുന്ന തന്നെ സ്വതന്ത്രയാക്കിയത്, ഒരു മാന്യവനിതയായി ജീവിക്കുവാൻ പ്രാപ്തയാക്കിയത് യേശു നൽകിയ സൗഖ്യത്തിന്റെ സ്പർശനമാണ് (ലൂക്കോസ് 8:2). തനിക്കു ലഭിച്ച രൂപാന്തരം യേശുവിനെ മറ്റാരെക്കാളും എന്തിനെക്കാളും അധികം സ്നേഹിക്കുവാൻ അവളെ പ്രാപ്തയാക്കി. എന്നാൽ തനിക്കു ലഭിച്ച നിത്യജീവന്റെ വില മറിയ മനസ്സിലാക്കിയപ്പോൾ, തന്റെ പകരക്കാരനായി മരിച്ചുയിർത്ത് തനിക്കായി ജീവിക്കുന്ന യേശുവിനെ മറിയയ്ക്ക് മനസ്സിലായപ്പോൾ, അവളുടെ സ്നേഹം എത്രത്തോളം അധികരിച്ചിട്ടുണ്ടാവും!!!...

യേശു നമ്മുടെ ജീവിതത്തിൽ ചെയ്തത് നമുക്ക് മനസ്സിലായിട്ടുണ്ടോ? അത് നാം ധ്യാനിക്കാറുണ്ടോ? അതിന്റെ വില നാം അറിയുന്നുവോ? ഭൗതികമായി എത്രയെത്ര അനുഗ്രഹങ്ങളും വിടുതലും നാം പ്രാപിച്ചിരിക്കുന്നു. അതിലും ഏറെ ഉപരിയായി പാപക്ഷമയും നിത്യജീവനും നമുക്ക് ലഭിച്ചിരിക്കുന്നു. ഈ ഭൗതിക, ആത്മിക ദാനങ്ങളുടെ വില നാം അറിയുന്നുവോ?

നാം യേശുവിനെ എത്രയധികം സ്നേഹിക്കേണ്ടതാണ്? ആ സ്നേഹം നമ്മിൽ യാഥാർത്ഥ്യമാണെങ്കിൽ നമ്മുടെ എല്ലാ ഭയവും മാറിപ്പോകില്ലേ? എല്ലാം ചെലവഴിച്ച് തന്റെ മഹത്വത്തിനായി ജീവിക്കുവാനും പ്രവർത്തിക്കുവാനും നമുക്കു കഴിയില്ലേ?

അവിടുന്ന് നമുക്കായി മരിച്ചു, നമുക്കായി ഉയിർത്തെഴുന്നേറ്റ്, നമുക്കായി ജീവിക്കുന്നത് നാം അവനായി മാത്രം ജീവിക്കേണ്ടതിനാണ്. ഈ സത്യം നമ്മെ ഭരിക്കട്ടെ!



സാജു മാത്യു

# അടയാളം അനുസരണം ആവശ്യപ്പെടുന്നു

അങ്ങനെ മോശെയും അഹരോനും ഫറവോന്റെ അടുക്കൽ ചെന്നു യഹോവ തങ്ങളോടു കല്പിച്ചതുപോലെ ചെയ്തു. അഹരോൻ തന്റെ വടി ഫറവോന്റെയും അവന്റെ ഭൃത്യന്മാരുടെയും മുമ്പാകെ നിലത്തിട്ടു; അതു സർപ്പമായിത്തീർന്നു (പുറപ്പാട് 7:10).

'ആളുകൾ കൂട്ടംകൂട്ടമായി സഭയിലേക്കു പ്രവഹിക്കുന്നതു എപ്പോഴാണ്' എന്നു ചോദിച്ചാൽ മിക്കപ്പോഴും നമ്മുടെ ഉത്തരം, 'വലിയ അത്ഭുതങ്ങളൊക്കെ നടക്കുമ്പോൾ ആളുകൾ സഭയിലേക്കു പ്രവഹിക്കുന്നു' എന്നായിരിക്കാം. അത്ഭുതങ്ങൾ ആളുകളെ ആകർഷിക്കും എന്നതിനു സംശയമൊന്നുമില്ല. ആളുകൾ വലിയ 'ക്രൂസേഡുകളിൽ' പോകുന്നതും പലപ്പോഴും വലിയ 'അത്ഭുതങ്ങൾ കാണാനാണ്'. 'എന്നാൽ, ഞാൻ ഫറവോന്റെ ഹൃദയം കഠിനമാക്കും, മിസ്രയീംദേശത്തു എന്റെ അടയാളങ്ങളും അത്ഭുതങ്ങളും (**My signs and my wonders**) പെരുകും' (പുറപ്പാട് 7:3). കർത്താവു പറയുന്നു: ഞാൻ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും. എന്നാൽ, ഫറവോൻ അതുകണ്ടു ഹൃദയത്തകർച്ചയുണ്ടായി പെട്ടെന്നു നിങ്ങളെ വിടുവിക്കും എന്നു കരുതരുത്. പലതവണ അത്ഭുതങ്ങൾ കണ്ടുകഴിഞ്ഞും, ഫറവോനു ഹൃദയത്തകർച്ചയുണ്ടായില്ല. അക്കഥയുടെ തുടക്കമാണു നാം ഈ വേദഭാഗത്തു കാണുന്നത്. എന്നാൽ, ഇവിടെ 'എന്റെ അത്ഭുതങ്ങളും എന്റെ അടയാളങ്ങളും എന്നു പറയുന്നിടത്ത് ഇതു രണ്ടും – അടയാളങ്ങളും അത്ഭുതങ്ങളും– ഒന്നുതന്നെയോ, അതോ രണ്ടോ?

'അത്ഭുതങ്ങളും അടയാളങ്ങളും' എന്ന പ്രയോഗം നമുക്കു വേദപുസ്തകത്തിലുടനീളം കാണാം. യഹോവ മിസ്രയീമിൽ അത്ഭുതങ്ങൾ മാത്രമല്ല, അടയാളങ്ങളും കാണിച്ചു (ആവർത്തനം 6:22; 7:19; 26:8; 29:3; 34:11; നെഹെമ്യാവ് 9:10, സങ്കീർത്തനം 78:42, 43; 135:9; യിരെമ്യാവ് 32: 20,21; അപ്പോസ്തലപ്രവൃത്തികൾ 7:36). യിസ്രായേലിലും (യെശയ്യാവ് 8:18), ബാബിലോണിലും (ദാനീയേൽ 4:2,3), ആകാശത്തിലും ഭൂമിയിലും (ദാനിയേൽ 6: 27) ദൈവം അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുന്നു. യേശുവിലൂടെ ദൈവം പ്രവർത്തിച്ചതും അത്ഭുതങ്ങളും അടയാളങ്ങളും അയിരുന്നുവെന്നു (അപ്പോസ്തലപ്രവൃത്തികൾ 2:22) പത്രൊസ് പറയുന്നു. അപ്പൊസ്തലന്മാരും അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു(അപ്പോസ്തല പ്രവൃത്തികൾ 2:43; 4:30; 5:12). അടയാളങ്ങളാലും അത്ഭുതങ്ങളാലും ദൈവം രക്ഷയുടെ സുവിശേഷത്തെ ഉറപ്പിക്കുന്നുവെന്നു എബ്രായലേഖകനും പറയുന്നു (എബ്രായർ 2:3,4).

ദൈവം ഈജിപ്തിൽ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും; എന്നാൽ, ഫറവോന്റെ ഹൃദയത്തെ കഠിനമാക്കും. എന്താണു 'ഹൃദയം കഠിനമാക്കും' എന്നു പറഞ്ഞാൽ അർഥം? അത്ഭുതങ്ങളും അടയാളങ്ങളും എന്ന പ്രയോഗത്തെ മനസിലാക്കാനുള്ള ഒരു താക്കോലാണിത്. 'അത്ഭുതം' എന്നാൽ, സ്വാഭാവികമല്ലാത്ത, പ്രകൃതിയുടെ സാധാരണരീതിക്ക് അപ്പു

റമായുള്ള, ബുദ്ധികൊണ്ടു മനസിലാക്കാൻ പ്രയാസമുള്ള ഒരു പ്രവൃത്തിയാണ്. ഒരാൾ വെറുതെ അന്തരീക്ഷത്തിലേക്ക് ഊതുമ്പോൾ സാധാരണ രീതിയിൽ കുറെ വായു പുറംതള്ളപ്പെടുന്നുവെന്നേയുള്ളൂ. എന്നാൽ മറ്റൊരാൾ വെറുതെ അന്തരീക്ഷത്തിലേക്കു ഊതുമ്പോൾ തീ പുറപ്പെടുന്നുവെന്നു ചിന്തിക്കുക... അത് അത്ഭുതമാണ് (wonder)

ഒരു മജീഷ്യൻ സ്റ്റേജിൽ അത്തരമൊരു അഗ്നിപ്രകടനം നടത്തിയാൽ നാം അത്ഭുതപ്പെടുന്നു, കയ്യടിച്ച് പ്രോത്സാഹിപ്പിക്കുന്നു. അതിൽ പ്രത്യേകിച്ച് അടയാളമൊന്നുമില്ല. എന്നാൽ, രണ്ടു പേർ വഴക്കുകൂടുമ്പോൾ അതിരൊരാൾ, 'എന്നോടു കളിക്കരുത്... എനിക്കു എന്തു ചെയ്യാൻ കഴിയുമെന്നു ഞാൻ കാണിച്ചുതരാം' എന്നു പറഞ്ഞ് ഇതേപോലെ അന്തരീക്ഷത്തിലേക്കു ഊതി തീപാറിച്ചാൽ അതു അത്ഭുതം മാത്രമല്ല, അടയാളവുമാണ്...നീ നിലയ്ക്കു നിന്നില്ലെങ്കിൽ ഞാൻ നിന്നെ ദഹിപ്പിച്ചുകളയുമെന്ന അടയാളം! സ്റ്റേജിൽ നിൽക്കുന്ന മജീഷ്യൻ വായിൽനിന്നു തീപാറിക്കുന്നതു ഒരു 'എന്റർടെയിൻമെന്റ്'' എന്ന നിലയിലാണ്. സ്റ്റേജിലെ പ്രകടനം കഴിഞ്ഞാൻ മജീഷ്യൻ അയാളുടെ വീട്ടിൽ പോകുന്നു; നാം നമ്മുടെ വീട്ടിലേക്കും. നമുക്കു മജീഷ്യനുമായി ബന്ധമൊന്നുമില്ല. സ്റ്റേജിൽ കണ്ട അത്ഭുതത്തിൽനിന്നു നാം പ്രത്യേകിച്ച് പാഠമൊന്നും പഠിക്കാനുമില്ല. കാരണം, ആ അത്ഭുതത്തിനു പിന്നിൽ മജീഷ്യൻ നമ്മെ ഒന്നും പ്രത്യേകിച്ചു പഠിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നില്ല.

എന്നാൽ, രണ്ടാമത്തെ കഥയിൽ കാര്യം അത്ഭുതം മാത്രമല്ല അടയാളവുമാണ്. അന്തരീക്ഷത്തിൽ ഊതി തീപാറിക്കുന്ന എതിരാളി പറയുന്നത് സൂക്ഷിച്ചുകൊള്ളൂ, അനുസരിച്ചില്ലെങ്കിൽ ഞാൻ ദഹിപ്പിച്ചുകളയും എന്നാണ്. അതായത് അത്ഭുതം നമ്മിൽനിന്നു പ്രത്യേകിച്ച് ഒന്നും ആവശ്യപ്പെടുന്നില്ല. എന്നാൽ, അത്ഭുതം അടയാളമാകുമ്പോൾ അത് അനുസരണം ആവശ്യപ്പെടുന്നു.

ദൈവം ഈജിപ്തിൽ ഇടപെട്ടത് അത്ഭുതങ്ങളാലും അടയാളങ്ങളാലുമാണ്. എന്നാൽ, അത്ഭുതം അടയാളത്തിന്റെ പുറംകവർ മാത്രമാണ്. അത്ഭുതത്തിലൂടെ ദൈവം ഫറവോനോടു സംസാരിക്കുകയാണ്. അത്ഭുതം അടയാളമാകുകയാണ്. 'അനുസരിക്കൂ, അല്ലെങ്കിൽ നാശം' എന്നു ദൈവം പറയുന്നു. ഫറവോനാകട്ടെ ദൈവത്തിന്റെ ഭാഷയെ അവഗണിക്കുന്നു. 'ഫറവോന്റെ ഹൃദയമോ, യഹോവ അരുളിച്ചെയ്തതുപോലെ കഠിനപ്പെട്ടു; ഫറവോൻ അവരെ ശ്രദ്ധിച്ചതുമില്ല!'(പുറപ്പാട് 7:13). അത്ഭുതത്തിന്റെ അകക്കാമ്പായ അടയാളത്തെ അറിഞ്ഞിട്ടും അവഗണിക്കുമ്പോഴാണ് ഹൃദയം കഠിനമായി എന്നു പറയുന്നത്! അനുസരണം ആവശ്യപ്പെടുംവിധം അടയാളം പൊതിഞ്ഞ് ദൈവം ഫറവോന്റെ മുമ്പിൽ കാട്ടിയ അത്ഭുതമെന്തായിരുന്നു? വടി നിലത്തിടുമ്പോൾ സർപ്പമായിത്തീരുന്നതോ? ഒറ്റനോട്ടത്തിൽ അങ്ങനെ തോന്നിയേക്കാം. എന്നാൽ, ഇതിന്റെ പിൻചരിത്രം പഠിക്കുമ്പോഴാണ്, വടി സർപ്പമാകുന്ന അത്ഭുതം ദൈവം അടയാളമായി നൽകുന്നത് ഫറവോനു വേണ്ടിയല്ല യിസ്രായേൽ മക്കൾക്കുവേണ്ടിയാണെന്നു നാമറിയുന്നത്.

യിസ്രായേലിനെ വീണ്ടെടുക്കുന്നവൻ യഹോവയാണ് (പുറപ്പാട് 3:8). ഇവിടെ, യിസ്രായേലിനെ പുറപ്പെടുവിച്ചു കൊണ്ടുവരുവാൻ ദൈവം അയച്ചിരിക്കുന്നത് മോശെയെയാണ് (പുറപ്പാട് 3:10). എന്നാൽ, മോശെയുടെ പ്രശ്നം, ദൈവം മോശെയെ അയച്ചുവെന്നു ഫറവോൻ വിശ്വസിച്ചാൽപോലും യിസ്രായേൽജനം വിശ്വസിക്കാനിടയില്ല എന്നതാണ്! 'യിസ്രായേൽ എന്നെ വിശ്വസിക്കാതെയും എന്റെ വാക്കു കേൾക്കാതെയും യഹോവ നിനക്കു പ്രത്യക്ഷനായിട്ടില്ല എന്നു പറയും എന്നുത്തരം പറഞ്ഞു. യഹോവ അവനോട് നിന്റെ കയ്യിൽ ഇരിക്കുന്നത് എന്ത് എന്നു ചോദിച്ചു. ഒരു വടി എന്ന് അവൻ പറഞ്ഞു. അതു നിലത്തിടുക എന്നു കൽപ്പിച്ചു. അവൻ നിലത്തിട്ടു. അതു സർപ്പമായിത്തീർന്നു... ഇതു അബ്രാഹാമിന്റെ ദൈവവുംയിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി അവരുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിനക്കു പ്രത്യക്ഷനായി എന്നു അവർ വിശ്വസിക്കേണ്ടതിനു ആകുന്നു' (പുറപ്പാട് 4:1–5). വടി സർപ്പമാകുന്നത് യിസ്രായേൽ മക്കൾക്കുള്ള അടയാളമാണ്. അല്ലാതെ ഫറവോനുവേണ്ടിയുള്ള അടയാളമല്ല. ഇവിടെ വടി ആടിനെ മേയിക്കുന്ന ഒരു ഇടയന്റെ കോലാണ് (shepherd's staff). മോശെ, യിത്രോവിന്റെ ആടുകളെ മേയിച്ചുകൊണ്ടിരുന്ന കാലത്താണല്ലോ മുൾപ്പടർപ്പു കത്തുന്ന കാഴ്ച കാണുന്നത്.

ഇതിനിടെ ഓർക്കേണ്ട മറ്റൊരു കാര്യം – മുൾപ്പടർപ്പു കത്തുന്നതും അത്ഭുതം

ശേഷം പേജ് 28 ▶



ചെയ്സ് ജോസഫ്

# ക്രിസ്തുവിന്റെ മഹാ പൗരോഹിത്യം

(എബ്രായർ 7: 27 - 8 : 7)

ഒരു മഹാപുരോഹിതൻ എന്ന നിലയിൽ യേശുക്രിസ്തു പരിപൂർണ്ണനാണ് എന്ന് എബ്രായ ലേഖനകർത്താവ് തെളിയിക്കുന്നു. കഴിഞ്ഞ ലക്കത്തിൽ നാം കണ്ടത് 'പാപികളോട് വേർപ്പെട്ടവൻ' എന്ന വിശേഷണത്തിന്റെ പ്രത്യേകതകളാണ്. ഈ വിശേഷണങ്ങളിൽ അവസാനമായി പറയുന്നത് 'സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ' എന്നാണ്. അവിടുന്ന് എപ്പോഴും ദൈവത്തിൻെറ സിംഹാസനമായ സ്വർഗ്ഗത്തേക്കാളും ഉന്നതനാണ്. യേശുക്രിസ്തു സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നു എന്നുള്ളത് യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ച് മാത്രമല്ല മനുഷ്യത്വത്തെക്കുറിച്ചും കൂടിയാണ് പറയുന്നത്. ദൈവം എന്ന നിലയിലും നമ്മുടെ മഹാപുരോഹിതൻ എന്ന നിലയിലും യേശുക്രിസ്തു സ്വർഗ്ഗത്തേക്കാളും ഉന്നതനാണ്. എബ്രായർ 7: 27 ൽ യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യത്തിന്റെ രണ്ടു പ്രത്യേകതകൾ കൂടി നമുക്ക് മനസ്സിലാക്കാം. **ഒന്നാമതായി,** യേശുക്രിസ്തുവിനു സ്വന്തം പാപങ്ങൾക്ക് വേണ്ടി യാഗം കഴിക്കേണ്ട കാര്യമില്ല. കാരണം യേശുക്രിസ്തുവിൽ പാപമില്ല. **രണ്ടാമതായി,** യേശുക്രിസ്തുവിന്റെ യാഗം വീണ്ടും വീണ്ടും അർപ്പിക്കപ്പെടേണ്ടതില്ല. ഒരിക്കലായി തന്നെത്താൻ ഏൽപ്പിച്ചുകൊടുത്തതു വഴി എന്നന്നേക്കും സമ്പൂർണ്ണമായിരിക്കുന്ന ഒരു യാഗം കർത്താവ് അർപ്പിച്ചിരിക്കുന്നു. ഈ വാക്യങ്ങൾ എല്ലാം ലേഖനകർത്താവ് പറയുന്നതിന്റെ കാരണം, എത്ര ശ്രേഷ്ഠമാണ് പുതിയനിയമ ഉടമ്പടി എന്നും, ഈ ഉടമ്പടി നൽകുന്ന വാഗ്ദത്തങ്ങൾ എത്ര ഉറപ്പുള്ളതാണ് എന്നും വിശ്വാസികൾക്ക് ബോധ്യം വരേണ്ടതിനു വേണ്ടിയാണ്. എബ്രായർ 7:28 ൽ ന്യായപ്രമാണം കൊണ്ടുണ്ടായത് ബലഹീനമായ ഒരു വ്യവസ്ഥ ആയിരുന്നു എന്ന് കാണുന്നു.

ബലഹീനരായ മനുഷ്യരുടെ കയ്യിലായിരുന്നു ആ നീതി ഭരമേല്പിക്കപ്പെട്ടിരുന്നത്. പ്രമാണങ്ങളുടെ ലംഘനങ്ങളെ പരിഹരിക്കുന്നതിന് യാഗം നടത്തിയിരുന്നതും ബലഹീനരായ മനുഷ്യരായിരുന്നു. അവർ മരണത്താൽ നീക്കം വരുന്നവർ ആയിരുന്നു എന്നതിനാൽ അവരുടെ യാഗങ്ങൾ നിത്യമായിരുന്നില്ല. എബ്രായലേഖനം പത്താം അധ്യായം വായിക്കുമ്പോൾ ആവർത്തിക്കപ്പെടുന്ന യാഗങ്ങളാൽ ഒരിക്കലും ശുദ്ധീകരണം നടക്കുന്നില്ല എന്ന് നമുക്ക് കാണാം. ആവർത്തിക്കപ്പെടുന്ന യാഗങ്ങൾ മതങ്ങളെ നിലനിർത്തുകയാണ് ചെയ്യുന്നത്. പാപത്തിന്റെയും പാപമോചനത്തിന്റെയും ചക്രത്തിൽ നിന്ന് ഈ യാഗങ്ങളാൽ ഒരിക്കലും ഒരു മനുഷ്യനും രക്ഷപ്പെടുന്നില്ല. ഇങ്ങനെ ബലഹീനരായ മനുഷ്യരാൽ നിലനിന്നു പോരുന്ന ന്യായപ്രമാണ സംബന്ധമായ നീതി ഒരു മനുഷ്യനും യാതൊരു ഉറപ്പും നൽകുന്നില്ല. എന്നാൽ ന്യായപ്രമാണത്തിനും മുമ്പേയുള്ള ആണയുടെ വചനം പുത്രനെത്തന്നെ മഹാപുരോഹിതനാക്കുന്നു. യേശുക്രിസ്തു ആരംഭവും അവസാനവും ഇല്ലാത്ത മഹാപുരോഹിതൻ എന്ന് നാം കണ്ടു എങ്കിലും, ന്യായപ്രമാണത്തിന്റെ തിരസ്കരണത്തോടു കൂടിയാണ് പുതിയ ഉടമ്പടി ആരംഭിക്കുന്നതായി നാം മനസ്സിലാക്കുന്നത്.

അതായത് പഴയ ഉടമ്പടിയുടെ കാലഹരണത്തോടുകൂടിയാണ് പുതിയ ഉടമ്പടി സ്ഥാപിക്കപ്പെടുന്നത്. അതുകൊണ്ട് ആണയുടെ വചനം നമുക്ക് അനുഭവവേദ്യമാകുന്നത് ന്യായപ്രമാണത്തിന് പിന്നാലെയാണ്.

എബ്രായ ലേഖനം എട്ടാം അധ്യായത്തിൽ പ്രധാനമായും യേശുക്രിസ്തുവിന്റെ മഹാ പൗരോഹിത്യത്തെക്കുറിച്ചുള്ള പ്രധാനപ്പെട്ട ചില വെളിപ്പെടുത്തലുകൾ ആണുള്ളത്. ഇവിടെയും നിഴലായ മാനുഷിക പൗരോഹിത്യത്തെയും പൊരുളായ, ദൈവിക, നിത്യപൗരോഹിത്യത്തെയും താരതമ്യപ്പെടുത്തിയിരിക്കുന്നു. അഞ്ചാം അധ്യായം മുതൽ നാം കാണുന്നത് ഈ താരതമ്യമാണ്. എബ്രായ ലേഖനത്തിന്റെ പ്രധാന പ്രതിപാദ്യങ്ങളിൽ ഒന്ന് ഈ രണ്ടു പൗരോഹിത്യ വ്യവസ്ഥകളും തമ്മിലുള്ള വ്യത്യാസമാണ്.

എബ്രായലേഖനം 8 ന്റെ 1 - 7 വരെയുള്ള വേദഭാഗങ്ങളിൽ ലേഖന കർത്താവ് ഇതുവരെ പറഞ്ഞ കാര്യങ്ങളുടെ ഒരു സാരം എന്ന രീതിയിൽ വീണ്ടും അതേ കാര്യങ്ങളെ ആവർത്തിക്കുന്നു. യേശുക്രിസ്തു എന്ന മഹാപുരോഹിതൻ സ്വർഗ്ഗത്തിൽ മഹിമാസനത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനും കർത്താവ് സ്ഥാപിച്ച സത്യകൂടാരത്തിന്റെ ശുശ്രൂഷകനും ആണ്. മാനുഷികമായ യാതൊരു നിർമ്മിതിയും ഈ ശുശ്രൂഷയ്ക്ക് ആവശ്യമില്ല. ഈ സത്യകൂടാരത്തിൽ ശുശ്രൂഷകൻ ആയിരിക്കുന്ന മഹാപുരോഹിതൻ എന്താണ് അർപ്പിക്കുക? ഭൂമിയിലുള്ള പുരോഹിതന്മാർ വിവിധങ്ങളായ കാര്യങ്ങളെ വ്യവസ്ഥകൾ അനുസരിച്ച് അർപ്പിക്കുന്നു. വഴിപാടും യാഗവും അർപ്പിക്കുക എന്നുള്ളത് തന്നെയാണല്ലോ ഏതൊരു പുരോഹിതന്റെയും പ്രാഥമികമായ ധർമ്മം.

യേശുക്രിസ്തു ഈ ഭൂമിയിൽ ഉള്ള ഒരു വ്യക്തി ആയിരുന്നുവെങ്കിൽ ഒരിക്കലും ഒരു പുരോഹിതൻ ആവുകയില്ലായിരുന്നു. കാരണം വ്യവസ്ഥ പ്രകാരം ലേവ്യഗോത്രത്തിൽ പിറന്നവർക്ക് മാത്രമേ പുരോഹിതനാകാൻ സാധിക്കുകയുള്ളൂ. എബ്രായ ലേഖനം എഴുതുന്ന കാലത്തും അവർ ആ ശുശ്രൂഷകൾ നിവർത്തിച്ചു കൊണ്ടിരുന്നു. നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യം മോശെ സമാഗമനകൂടാരം പണിയുമ്പോൾ ദൈവം മോശെക്ക് ഒരു മാതൃക കാണിച്ചു കൊടുത്തിരുന്നു. ദൈവം മോശെക്ക് കാണിച്ചുകൊടുത്ത സ്വർഗ്ഗീയ കൂടാരത്തിന്റെ മാതൃകയിലാണ് ഭൂമിയിൽ യാഗങ്ങളും വഴിപാടുകളും സ്ഥാപിക്കപ്പെട്ടത് എന്ന് നാം വായിക്കുന്നു. ഭൂമിയിലെ ആരാധനാലയം സ്ഥാപിക്കപ്പെട്ടത് സ്വർഗ്ഗത്തിലെ നിത്യമായ കൂടാരത്തിന്റെ മാതൃകയിലാണ്.

**ഈ ഭൗമികമായത് മുന്നമേ നാം ചിന്തിച്ചത് പോലെ ബലഹീനമായതാണ്. ആരുടെയും പാപങ്ങളെ പരിഹരിക്കുന്നതിനോ നിത്യമായ ഉറപ്പുള്ള വാഗ്ദാനങ്ങൾ നൽകുന്നതിനോ ഈ ഭൗമികമായ യാഗങ്ങൾക്ക് കഴിവില്ല.**

അതുകൊണ്ട് മോശെ ശുശ്രൂഷിച്ചത് സ്വർഗ്ഗീയമായതിലല്ല, സ്വർഗ്ഗീയമായതിന്റെ ദൃഷ്ടാന്തം മാത്രമായ ഭൗമീകമായതിലാണ്. ഈ ഭൗമികമായത് മുന്നമേ നാം ചിന്തിച്ചതുപോലെ ബലഹീനമായതാണ്. ആരുടെയും പാപങ്ങളെ പരിഹരിക്കുന്നതിനോ നിത്യമായ ഉറപ്പുള്ള വാഗ്ദാനങ്ങൾ നൽകുന്നതിനോ ഈ ഭൗമികമായ യാഗങ്ങൾക്ക് കഴിവില്ല. അതുകൊണ്ട് മോശെയാൽ സ്ഥാപിക്കപ്പെട്ട വ്യവസ്ഥ കുറവുകൾ ഉള്ളതായി കാണപ്പെടുന്നു. എന്നാൽ യേശുക്രിസ്തു മധ്യസ്ഥനായിരിക്കുന്ന പുതിയ ഉടമ്പടി അങ്ങനെയല്ല. ഈ ഉടമ്പടിപ്രകാരമുള്ള യാഗവും ബലഹീനമല്ല. അത് വിശേഷതയേറിയതും മാറ്റം വരാത്ത വാഗ്ദത്തങ്ങളാൽ സ്ഥാപിക്കപ്പെട്ടതുമായ ഒരു നിയമമാണ്. അങ്ങനെ നിത്യമായ വാഗ്ദത്തങ്ങളുള്ള ഒരു ഉടമ്പടിയുടെ മധ്യസ്ഥനായും മഹാപുരോഹിതനായും യേശുക്രിസ്തു ശുശ്രൂഷിക്കുന്നു. അതുകൊണ്ട് യേശുക്രിസ്തു പ്രാപിച്ചിരിക്കുന്ന മഹാപൗരോഹിത്യം വിശേഷതകൾ ഏറിയതാണ്. ഒന്നാമത്തേത് കുറവുള്ളത് ആയതുകൊണ്ടാണ് രണ്ടാമത്തേത് നമ്മുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുന്നത്. ഒന്നാമത്തെ നിയമം കൊണ്ട് പാപങ്ങൾക്ക് പൂർത്തി വന്നിരുന്നുവെങ്കിൽ ഒരിക്കലും രണ്ടാമതൊരു പ്രമാണം അന്വേഷിക്കേണ്ടതായി വരുമായിരുന്നില്ലല്ലോ. ഈ വാക്യഭാഗങ്ങളിൽ നാം കാണുന്നത് പുതിയതിനെ സ്ഥാപിക്കാൻ എങ്ങനെയാണ് ദൈവം പഴയതിനെ മാറ്റിക്കളഞ്ഞത് എന്നുള്ളതാണ്. ●



**ജോർജ് മാത്യു, പുതുപ്പള്ളി**

# ഇളകാത്ത രാജ്യം അവകാശമാക്കാം

**ചി**ല ക്രൈസ്തവസഭകൾ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് ആചരിക്കുകയാണ്. വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ ഹൃദയത്തിൽ യേശുകർത്താവിന്റെ പുനരുത്ഥാനശക്തി എല്ലാ ദിവസവും വെളിപ്പെട്ടുകൊണ്ടിരിക്കേണ്ടതാകുന്നു. ക്രിസ്തു നൽകുന്ന പുനരുത്ഥാനശക്തിയാൽ വേണം ഓരോ ദിനവും നാം മുന്നേറേണ്ടത്. ജീവിതത്തെ സംബന്ധിച്ച് മനുഷ്യൻ സ്വീകരിച്ചിരിക്കുന്നത് പ്രധാനമായും രണ്ട് ചിന്താഗതികളാണ്. **ഒന്നാമത്തേത്** കടുത്ത നിരാശയിലേക്കും, **രണ്ടാമത്തേത്** തികഞ്ഞ പ്രത്യാശയിലേക്കും അവനെ നയിക്കുന്നു. ലോകത്തിൽ വീശിയിരിക്കുന്ന അബദ്ധ സിദ്ധാന്തങ്ങൾ പല അംഗീകൃത മൂല്യങ്ങളെയും തകർത്തില്ലാതാക്കും വിധം കൊള്ളിമീൻ അഥവാ പാഞ്ഞുവരുന്ന ഉത്ക്കകൾ പോലെ നാശം വിതയ്ക്കുന്നു.

ഏദൻ തോട്ടത്തിൽ നിന്നും പുറത്തുപോകുമ്പോൾ ആദാം, ഹവ്വയോട് 'പ്രിയേ, ഇതൊരു പരിവർത്തനയുഗമാണ്' എന്നു പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുണ്ട്. ഓരോ തലമുറയും ഒരു പ്രതിസന്ധി ഘട്ടമാണെന്ന് ആ തലമുറയിലുള്ളവർ ചിന്തിച്ചിട്ടുള്ളതായി ചരിത്രം പറയുന്നു. സഭയുടെ അകത്തുനിന്നും പുറത്തുനിന്നുമുള്ള ശക്തികൾ ക്രിസ്തീയ വിശ്വാസത്തോട് ഇത്ര ഉഗ്രമായി പോരാടുന്ന ഒരു കാലം ഉണ്ടായിട്ടുണ്ടോ എന്ന് തോന്നിപ്പോകുന്നു.

മനുഷ്യവർഗത്തിന് ആറു വലിയ 'അപമാനങ്ങൾ' ഉണ്ടായിട്ടുള്ളതായി ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമല്ലെന്നു പ്രഖ്യാപിച്ച കോപ്പർനിക്കസിൽ നിന്നുള്ളതാണ് ആദ്യത്തേത്. അതുവരെ ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്നു വിശ്വസിക്കപ്പെട്ടിരുന്നു. 'ബ്രഹ്മാണ്ഡ അപമാനം' എന്നത്രെ ശാസ്ത്രലോകം ഇതിനെ വിളിക്കുന്നത്. പ്രപഞ്ചത്തിന്റെ കേന്ദ്രം ദൈവമാണെന്ന് വിശ്വസിക്കുന്നതിനാൽ കോപ്പർനിക്കസിന്റെ പ്രഖ്യാപനം ക്രൈസ്തവലോകത്തെ ബാധിക്കുന്നില്ല.

മൃഗങ്ങളിൽ നിന്നും ക്രമേണയുണ്ടായ പരിണാമപ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് മനുഷ്യൻ ഉണ്ടായതെന്നു വാദിച്ച ചാൾസ് ഡാർവിന്റേതാണ് രണ്ടാമത്തെ അപമാനം. പരിണാമസിദ്ധാന്തത്തിന്റെ അർത്ഥശൂന്യതയെക്കുറിച്ച് ശാസ്ത്രജ്ഞർക്കിടയിൽപ്പോലും തർക്കമുള്ളതിനാൽ അതും നമുക്കൊരു പ്രശ്നമല്ല.

മൂന്നാമത്തെ അപമാനം മന:ശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡിൽ

നിന്നുമാണ് ഉണ്ടായത്. മനുഷ്യന്റെ ഉപബോധമനസ്സിലെ പ്രേരണകളാണ് അവന്റെ ഗതി നിർണയിക്കുന്നത് എന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. ഇത് 'മന:ശാസ്ത്രപരമായ സമീപനം' എന്നറിയപ്പെടുന്നു. *മാനസിക അപഗ്രഥനത്തിൽ കൂടി ഒരു രോഗിയെ ശൂന്യത മൂലമുള്ള ആകുല ചിന്തയിലേക്കു വരുത്തിക്കഴിഞ്ഞാൽ അവൻ തുടർന്ന് ജീവിക്കണമെങ്കിൽ അവനു ദൈവവിശ്വാസം കൊടുത്തേ മതിയാകൂ. ഫ്രോയിഡിന്റെ സിദ്ധാന്തത്തിന്റെ നട്ടെല്ലുതകർക്കുന്ന ഖണ്ഡനമാണിത്.*

നാലാമതെത്തുന്നത് കാൾ മാർക്സാണ്. മനുഷ്യന്റെ ഗതി നിർണ്ണയിക്കുന്നത് അവന്റെ സാമ്പത്തിക പരി:സ്ഥിതികളാണെന്ന് അദ്ദേഹം കണ്ടുപിടിച്ചു. ഇത് 'സാംസ്കാരിക അപമാനം' എന്നറിയപ്പെടുന്നു. അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെ ഉദ്ധാരണത്തിന്റെ സുവിശേഷം എന്നുള്ള നിലയിൽ കമ്മ്യൂണിസത്തിനുണ്ടായിരുന്ന ആകർഷണം നഷ്ടപ്പെട്ടുകഴിഞ്ഞു.

രാസവസ്തുക്കളുടെ സംയോഗമാണ് മനുഷ്യൻ എന്നു പ്രഖ്യാപിച്ചുകൊണ്ട് അഞ്ചാമത്തെ അപമാനവുമായി മറ്റൊരു ശാസ്ത്രജ്ഞനെത്തി. 'ചുടലയിൽ മനുഷ്യശരീരം കെട്ടടങ്ങുമ്പോൾ ചാരമായി മാറുന്നതത്രെ ജീവിതം' എന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. 'രാസപരമായ അപമാനം' എന്നറിയപ്പെടുന്ന ഇതിനെപ്പറ്റി ഭക്തനായ ശാസ്ത്രജ്ഞൻ ഡോ. കാർവർ പ്രതികരിച്ചത് 'പാവം ശാസ്ത്രജ്ഞൻ, പാവം ശാസ്ത്രജ്ഞൻ' എന്നായിരുന്നു. അമേരിക്കയിലെ അത്യന്താധുനിക ദൈവശാസ്ത്രജ്ഞമാർ 'ദൈവം മരിച്ചുപോയി' എന്ന പേരിൽ അറിയപ്പെടുന്ന 'ദൈവശാസ്ത്രപരമായ അപമാന'വുമായിട്ടാണ് രംഗത്തെത്തിയത്. അതും വിജയിച്ചില്ല.


പ്രസിദ്ധ ചൈനീസ് ഭക്തനായ ലിൻ യുട്ടാങ് കർത്താവായ യേശുവിന്റെ സന്നിധിയിൽ വന്ന് അവിടുത്തെ മുഖത്തേക്കു നോക്കിയപ്പോൾ 'മെഴുകുതിരികൾ അണയ്ക്കുക, നീതിസൂര്യൻ ഉദിച്ചുയർന്നിരിക്കുന്നു' എന്ന ശബ്ദം ശ്രവിച്ചു. ഈ മെഴുകുതിരികൾ മനുഷ്യന്റെ അബദ്ധസിദ്ധാന്തങ്ങളാകാം, അത് നീതിസൂര്യനായ ക്രിസ്തുവിന്റെ പ്രഭയ്ക്കു മുമ്പിൽ നിഷ്പ്രഭമാകും. യേശുകർത്താവ് ഇന്നും ജീവിക്കുന്നവനാണ്. സഹായിപ്പാൻ അവിടുന്ന് നമ്മുടെ സമീപത്തു തന്നെയുണ്ട്. ഭൂതകാലത്തെക്കുറിച്ചുള്ള കുറ്റബോധവും, ഭാവിയെപ്പറ്റിയുള്ള ഉത്കണ്ഠയും ഒരു സത്യക്രിസ്ത്യാനിക്കില്ല. വർത്തമാനകാലവും പ്രത്യാശയോടെ ജീവിക്കുന്നു.

ജർമ്മനിയിലെ രാഷ്ട്രീയ നേതാവായിരുന്ന ഡോക്ടർ ഒ. മുള്ളർ ഒരു ക്രിസ്തീയ മിഷനറിയോട് പറഞ്ഞു: യുദ്ധശേഷമുള്ള ജർമ്മനിയിൽ വന്ന നിങ്ങൾക്കു മാത്രമേ ഞങ്ങൾ നാസിസം സ്വീകരിച്ചതിന്റെ ശരിയായ കാരണം മനസ്സിലായിട്ടുള്ളൂ. ജീവിതം അർത്ഥപൂർണ്ണവും ലക്ഷ്യമുള്ളതും ഇണങ്ങിച്ചേരുന്നതുമാക്കിത്തീർക്കുക എന്നുള്ളതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. അതിനായി ഞങ്ങൾ തിരഞ്ഞെടുത്തത് തെറ്റായ സർവാധിപത്യമായിരുന്നു. നാസിസം ദയനീയമായ പരാജയമാണെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി. ഞങ്ങൾക്കു വേണ്ടിയിരുന്നത് 'ദൈവരാജ്യം' ആയിരുന്നുവെന്ന് ഇപ്പോൾ തോന്നുന്നുണ്ട്.

ഈ ഏകാധിപത്യങ്ങൾ എല്ലാം തേടുന്നത് 'സ്വർഗ്ഗരാജ്യ'മാണ്. എന്നാൽ അതിനായി അവർ സ്വീകരിക്കുന്ന മാർഗം തെറ്റാണെന്നുമാത്രം. നാസിസവും ഫാസിസവും ദൈവം ഊതിക്കെടുത്തിക്കഴിഞ്ഞു. നീതിസൂര്യനായ യേശു ഉദിച്ചുയർന്നു കഴിഞ്ഞു. സോവിയറ്റ് യൂണിയനിൽ ഭരണാധികാരികൾ 'ദൈവരാജ്യം' അവരുടേതായ രീതിയിൽ കെട്ടിപ്പടുക്കുവാൻ ശ്രമിച്ചു. അതിനായി അബദ്ധസിദ്ധാന്തത്തെ അവരാശ്രയിച്ചു. എന്നാൽ ദൈവം ആ മെഴുകുതിരിയും കെടുത്തിക്കളഞ്ഞു. സർവാധിപത്യം തിങ്ങിനിറഞ്ഞിരുന്ന ആ രാഷ്ട്രം ശിഥിലമായി. സമ്പത്തും സമൃദ്ധിയും ആധിപത്യം പുലർത്തിയിരുന്ന മോസ്കോ തെരുവുകൾ ഇന്നു ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും അക്രമങ്ങളുടെയും ദുർമാർഗത്തിന്റെയും ഈറ്റില്ലങ്ങളാണ്.

ലോകരാജ്യങ്ങൾ ഇളകിയാടുമ്പോൾ 'നീതിസൂര്യനായ ക്രിസ്തു' യഥാർത്ഥ ദൈവരാജ്യത്തിലേക്കു തന്റെ മക്കളെ വേർതിരിച്ചു കൊണ്ടിരിക്കുന്നു. ലോകരാജ്യങ്ങൾ എല്ലാം ഇളകുന്നവയാണ്. പാശ്ചാത്യരാജ്യങ്ങളും കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളും ഇളകുന്നവയാണ്. ദൈവരാജ്യമോ ഇളകാത്തതത്രെ. അതിനെ ഇളക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഇളക്കമില്ലാത്ത ഏകവ്യവസ്ഥിതി അതത്രെ. ലോകത്തിന്റെ സർവാധിപത്യങ്ങളെല്ലാം പരിശോധിച്ച് വാസ്തവം ഗ്രഹിച്ചശേഷം മനുഷ്യൻ അവയെല്ലാം തള്ളിക്കളയും. കാരണം ധന്യനായ ഏകാധിപതിയായ നീതിസൂര്യൻ ഉദിച്ചുയർന്നിരിക്കുന്നു.

ശേഷം പേജ് 15 ▶



ഫ്രാൻസിസ് ഫ്രാങ്കിപെൻ

# മലിനജലം ഒഴുക്കുന്ന അഴുക്കുചാലുകൾ

യേശു തന്റെ ശിഷ്യനായിരുന്ന യൂദായെക്കുറിച്ച് ശ്രദ്ധേയമായ ഒരു പ്രസ്താവന നടത്തി: 'ഞാൻ നിങ്ങളെ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തില്ലയോ? എങ്കിലും നിങ്ങളിൽ ഒരുത്തൻ ഒരു പിശാച് ആകുന്നു എന്ന് ഉത്തരം പറഞ്ഞു. ഇത് ശീമോൻ ഈസ്കര്യോത്താവിന്റെ മകനായ യൂദായെക്കുറിച്ചു പറഞ്ഞു; ശിമോൻ ഈസ്കര്യോത്താവിന്റെ മകനായ യൂദായെത്തന്നെയാണ് അവരുടെ ഗുരുവും കർത്താവുമായിരുന്ന യേശു ഉദ്ദേശിച്ചത്. കാരണം പന്ത്രണ്ടുപേരിൽ ഒരുവനായ യൂദാ തന്നെ ഒറ്റിക്കൊടുക്കാൻ പോകുന്നു എന്ന് യേശു അറിഞ്ഞിരുന്നു' (യോഹന്നാൻ 6: 70,71).

യൂദാ 'ഒരു പിശാച്' ആണ് എന്ന് പ്രസ്താവിച്ചപ്പോൾ യേശു എന്താണ് ഉദ്ദേശിച്ചത്? യേശു ആലങ്കാരികമായി സംസാരിച്ചോ? അതോ വസ്തുതാപരമായി സംസാരിച്ചോ? ഒരു മനുഷ്യന് തന്റെ ആത്മാവിൽ ഒരു ദുരാത്മാവിനെ വഹിക്കാൻ മാത്രമല്ല, ആ വ്യക്തിക്ക് യഥാർത്ഥത്തിൽ ഒരു പിശാചായി മാറാനും കഴിയുമെന്നാണോ യേശു പറയുന്നത്? ചിലർ പഠിപ്പിക്കുന്നത് യൂദായെ സാത്താൻ പൂർണ്ണമായും ബാധിച്ചതിനാൽ അവന് തന്റെ മനുഷ്യത്വം നഷ്ടപ്പെട്ടു എന്നാണ്. ഈ വ്യാഖ്യാനം സ്വീകരിക്കുന്നതിനു മുമ്പ് യൂദാ യേശുവിനെ ശത്രുക്കളുടെ കയ്യിൽ ഏൽപ്പിച്ചതിനുശേഷം ആത്മഹത്യ ചെയ്യാൻ തക്കവിധം കുറ്റബോധം തോന്നിയെന്ന് നാം വിസ്മരിക്കരുത്. ഒരു ഭൂതത്തിന് കുറ്റബോധം തോന്നുമോ? സാധ്യതയില്ല.

യൂദാ ഈസ്കര്യോത്താവ് ഒരു 'പിശാച്' എന്ന് യേശു തിരിച്ചറിഞ്ഞത് പല കാരണങ്ങൾ നിമിത്തമാണ്. പരദൂഷണം ഇന്ന് പല ക്രിസ്ത്യാനികൾക്കിടയിലും നിയന്ത്രിക്കപ്പെടാത്ത ഒന്നാണ്. പുതിയനിയമത്തിൽ 'പിശാച്' എന്ന് വിവർത്തനം ചെയ്തിരിക്കുന്നതു 'ഡയബോളോസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നുമാണ്. ദൂഷകൻ അല്ലെങ്കിൽ ദുരുദ്ദേശ്യപരമായ കിംവദന്തികൾ പരത്തുന്നയാൾ എന്നൊക്കെ പിശാച് എന്ന വാക്കിനെ വിവർത്തനം ചെയ്തിട്ടുണ്ട്. വാസ്തവത്തിൽ 1 തിമോഥെയോസ് 3: 6,7 വചനങ്ങളിൽ ഡയബോളോസിനെ ദുരുദ്ദേശ്യപരമായ കിംവദന്തികൾ പരത്തുന്നയാൾ എന്ന് വിവർത്തനം ചെയ്തിട്ടുണ്ട്.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, 'നിങ്ങളിൽ ഒരാൾ ഒരു പിശാചാണ്' എന്ന് യേശു ദൈവശാസ്ത്രപരമായ അർത്ഥത്തിൽ പറയുന്നില്ല. മറിച്ച്

**....ദുർഗന്ധം വമിപ്പിക്കുന്ന പരദൂഷണം എന്ന മലിനജലം ഒഴുക്കുന്ന അഴുക്കുചാലുകൾ. നാം ക്രിസ്തുവിന്റെ സൗരഭ്യവസന ലോകത്തിൽ പരത്തേണ്ടവരല്ലേ? സുഗന്ധത്തിനു പകരം ദുർഗന്ധമോ? മറ്റുള്ളവർക്ക് ഒരുപാട് മന:ക്ലേശം വരുത്തുന്ന പരദൂഷണം, സാത്താന്റെ സ്വഭാവവുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ?**

നിങ്ങളിൽ ഒരാൾ ഒരു പരദൂഷകൻ ആണെന്നാണ് പറയുന്നത്. അതിനാൽ ശിഷ്യന്മാർ ക്രിസ്തുവിനോടുള്ള വിശ്വസ്തതയെക്കുറിച്ച് വീമ്പിളക്കുമ്പോൾ, യേശു അവരെ തിരുത്തി. അതെ, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, എന്നാൽ നിങ്ങളുടെ ഇടയിൽ പോലും ദ്രോഹകരമായ നിലയിൽ പരദൂഷണം പറയുന്നവനുണ്ട്. ഒടുവിൽ ആ മനുഷ്യന്റെ വാക്കുകൾ നിമിത്തം അയാൾ എന്നെ ഒറ്റിക്കൊടുക്കും എന്ന് പറഞ്ഞു.

ഈ പ്രശ്നം അതായത് പരദൂഷണം യുഗാവസാനം വരെ തുടരുമെന്ന് പൗലോസ് നമ്മോട് പറയുന്നു. അന്ത്യനാളുകളെക്കുറിച്ച് പൗലോസ് തിമോഥെയോസിന് എഴുതിയത് ശ്രദ്ധാപൂർവ്വം ഓർമ്മിക്കുക: 'അന്ത്യകാലത്തു ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും. അങ്ങനെയുള്ളവരെ വിട്ടൊഴിയുക. വീടുകളിൽ നുഴഞ്ഞു കയറുകയും പാപങ്ങളെ ചുമന്നുകൊണ്ടു നാനാമോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങളെ സ്വാധീനമാക്കുകയും ചെയ്യുന്നവർ ഈ കൂട്ടത്തിലുള്ളവർ ആകുന്നു'.

മറ്റുള്ളവരെക്കുറിച്ച് എപ്പോഴും എന്തെങ്കിലും ദോഷവും തിന്മയുമായത് മാത്രം പറയുവാൻ തിടുക്കപ്പെട്ടു ഓടി നടക്കുന്ന ആളുകളെ നിങ്ങൾക്ക് അറിയാമായിരിക്കും. അവർ ഒരു അഴുക്കുചാലാണ്. ദുർഗന്ധം വമിപ്പിക്കുന്ന പരദൂഷണം എന്ന മലിനജലം ഒഴുക്കുന്ന അഴുക്കുചാലുകൾ. നാം ക്രിസ്തുവിന്റെ സൗരഭ്യവാസന ലോകത്തിൽ പരത്തേണ്ടവരല്ലേ? സുഗന്ധത്തിനു പകരം ദുർഗന്ധമോ? മറ്റുള്ളവർക്ക് ഒരുപാട് മന:ക്ലേശം വരുത്തുന്ന പരദൂഷണം സാത്താന്റെ സ്വഭാവവുമായി എത്രത്തോളം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ?

**വാക്കുകളാൽ നാം കുറ്റം വിധിക്കപ്പെടും:**

നമ്മുടെ വാക്കുകളാൽ നാം നീതീകരിക്കപ്പെടുകയോ കുറ്റം വിധിക്കപ്പെടുകയോ ചെയ്യുമെന്ന് തിരുവെഴുത്തുകൾ പറയുന്നു. അതെ, നമ്മുടെ വാക്കുകൾ വെറുതെ ഒരു രസത്തിനു ജീവിതപങ്കാളിയുമായോ ഉറ്റ സുഹൃത്തുമായോ രഹസ്യമായി പറയുന്ന, നിരുപദ്രവകരമെന്നു നാം ചിന്തിക്കുന്ന വാക്കുകൾ പോലും വിധിക്കപ്പെടും. ദൈവം തന്നോടുള്ള നമ്മുടെ ഇഷ്ടവും അനുസരണവും അളക്കുന്നത് ഹൃദയത്തിൽ നിന്നുയരുന്ന വാക്കുകളുടെ അടിസ്ഥാനത്തിലാണ്. 'എന്റെ നേരെയുള്ള നിങ്ങളുടെ വാക്കുകൾ അതികഠിനമായിരിക്കുന്നു' എന്ന് മലാഖി പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്തതു അതിന്റെ തെളിവാകുന്നു. അപ്പോസ്തലനായ യാക്കോബ് എഴുതിയത്: ഒരാൾക്ക് വാക്കിൽ പിഴവ് സംഭവിക്കാതിരുന്നാൽ അയാൾ ശരീരത്തെ മുഴുവൻ നിയന്ത്രിക്കാൻ കഴിവുള്ള പക്വമതിയാണ്. (യാക്കോബ്3:2).

**വാക്കുകൾക്ക് ശക്തിയുണ്ട്:**

മരണവും ജീവനും നാവിന്റെ അധികാരത്തിലാണ് എന്ന് തിരുവെഴുത്ത് വെളിപ്പെടുത്തുന്നു (സദൃശം 18:21). ക്രിസ്തുവിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിലായി നാം ഏറ്റുപറയുന്ന വിശ്വാസവചനം നമ്മെ രക്ഷയിലേക്കും അനുഗ്രഹത്തിലേക്കും നയിക്കുമ്പോൾ, കയ്പ്പിൽ വേരൂന്നിയ വാക്കുകൾ പലരെയും മലിനമാക്കുന്നു (യാക്കോബ് 3:8). നാവ്... മാരകമായ വിഷം നിറഞ്ഞ ഒരു അസ്വസ്ഥമായ തിന്മയാണ്...നാവ്, യാക്കോബ് പറയുന്നു: നാവും അതുപോലെ ഒരു തീ തന്നെയാണ്, അവയവങ്ങളുടെ കൂട്ടത്തിൽ അത് തിന്മയുടെ ഒരു പ്രപഞ്ചം തന്നെയാണ്. അത് ഒരു വ്യക്തിയെ മുഴുവനായി ദുഷിപ്പിക്കുകയും ജീവിതത്തിന്റെ സർവ്വമേഖലകൾക്കും തീ കൊളു

ത്തുകയും നരകാഗ്നിയാൽ സ്വയം ദഹിക്കുകയും ചെയ്യുന്നു (യാക്കോബ് 3:6)

നമ്മുടെ വാക്കുകളിലൂടെ, ആത്മാവിലെ നന്മയും വിശുദ്ധവുമായ അനുഭവങ്ങളും ജീവനും എല്ലാം നശിപ്പിക്കാൻ സാത്താൻ നമ്മുടെ ലോകത്തിലേക്ക് പ്രവേശനം നേടുന്നു. ജീവിതത്തിന്റെ ഗതിയും, ജീവിതലക്ഷ്യവും, ഗുണനിലവാരവും നാം സംസാരിക്കുന്ന ശാപകരവും ദോഷവുമായ വാക്കുകളിലൂടെ തകർക്കപ്പെടുന്നു. നാം ആരെയെങ്കിലും കുറിച്ച് അപവാദം പ്രചരിപ്പിക്കുകയോ വ്യക്തിഹത്യ നടത്തുകയോ തിന്മകൾ കളവായി പറയുകയോ ചെയ്താൽ, നരകത്തിന്റെ വിനാശകരമായ തീ തന്നെ നമ്മുടെ ജീവിതത്തിലേക്ക് പ്രവേശിക്കുന്നു. നമ്മുടെ വാക്കുകളുടെ ശക്തി മനസ്സിലാക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

അപവാദപ്രചാരണത്തിന്റെ പുറകിൽ വ്യാപരിക്കുന്ന ദുരാത്മാവിന്റെ ശക്തിയെ കെടുത്തുവാൻ, തീയുടെ ബലത്തെ കെടുത്തിയ ദൈവം ആഗ്രഹിക്കുന്നു. അതിലെന്താണ് തെറ്റ്? എന്തുകൊണ്ടും അപവാദപ്രചാരണം തിന്മയാണ് എന്നതിനെക്കുറിച്ച് നമുക്ക് പൂർണ്ണമായ ബോധ്യം ഉണ്ടായിരിക്കാം. എന്നിട്ടും നാം ചെയ്യുന്നത് അതുതന്നെ സംസാരിക്കുക മാത്രമാണ് എങ്കിൽ നരകത്തോടുള്ള നമ്മുടെ കൂറ് നാം വെളിപ്പെടുത്തുകയാണെന്നു നിസംശയം പറയാൻ കഴിയും. എല്ലാ ജനതകൾക്കും വേണ്ടിയുള്ള ഒരു പ്രാർത്ഥനാലയമായിരിക്കാൻ ദൈവം സഭയെ ആക്കിവച്ചിരിക്കുന്നു. പക്വതയുള്ള, തെറ്റിനെ തെറ്റായി കാണുവാൻ കണ്ണുകളുള്ള, പ്രാപ്തരായ, അപ്പോൾത്തന്നെ മറ്റെല്ലാ ജാതികൾക്കും അനുഗ്രഹമാകുവാൻ നില കൊള്ളുന്ന ഒരു ആത്മീയ സമൂഹം

**പക്വതയുള്ള, തെറ്റിനെ തെറ്റായി കാണുവാൻ കണ്ണുകളുള്ള, പ്രാപ്തരായ, അപ്പോൾത്തന്നെ മറ്റെല്ലാ ജാതികൾക്കും അനുഗ്രഹമാകുവാൻ നിലകൊള്ളുന്ന ഒരു ആത്മീയ സമൂഹം ആയിരിക്കണം ദൈവസഭ...**


ആയിരിക്കണം ദൈവസഭ.

അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുമ്പോൾ, പരസ്പരം ചെളിവാരിയെറിയലിനെതിരെയും അപവാദത്തിനെതിരെയും നമുക്ക് ജാഗ്രത പാലിക്കാം. അതെ, എളിമയുള്ള ആത്മാവോടെ, നമുക്ക് നാം നടപ്പാക്കുവാനുള്ള എല്ലാ പദ്ധതികളെക്കുറിച്ചും പ്രതിപക്ഷ ബഹുമാനത്തോടുകൂടി പരസ്പരം ചർച്ച ചെയ്യുകയും തുറന്നു സംസാരിക്കുകയും ചെയ്യാം. ദൈവത്തിന്റെ മാർഗ്ഗനിർദേശത്തിനായി പ്രാർത്ഥിക്കാം. ഒരിക്കലും ദൈവത്തിലുള്ള നമ്മുടെ പദവികൾ നഷ്ടപ്പെടുത്തരുത്. വക്രതയുള്ള മനുഷ്യൻ വഴക്ക് ഉണ്ടാക്കുന്നു; ഏഷണിക്കാരൻ മിത്രങ്ങളെ ഭേദിപ്പിക്കുന്നു (സദൃശവാക്യങ്ങൾ 16:28) എന്ന വചനം നമ്മുടെ പരമാർഥ മനസ്സിനെ ഉണർത്തിക്കൊണ്ടിരിക്കട്ടെ. നാവു കൊണ്ട് പാപം ചെയ്ത് സാത്താന്റെ കയ്യിലെ ഒരു കളിപ്പാട്ടമാകാതെ, വായിലെ വാക്കുകളും ഹൃദയത്തിലെ ധ്യാനവും ദൈവത്തിനു പ്രസാദകരമായിരിക്കുവാൻ നമുക്ക് നമ്മെ സമർപ്പിക്കാം. •

## ➤ 12 ഇളകാത്ത രാജ്യം അവകാശമാക്കാം

യേശുവിന്റെ ഇളകാത്ത രാജ്യമാണ് ജീവിതത്തിനു ലക്ഷ്യവും അർത്ഥവും കൊടുക്കുന്നത്. ദൈവരാജ്യം കണ്ടെത്തിക്കഴിയുമ്പോൾ മനുഷ്യന്റെ ആവശ്യങ്ങൾക്കും സംശയങ്ങൾക്കുമെല്ലാം ഉത്തരം കണ്ടെത്തുവാൻ കഴിയും. 'ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവചെയ്ക.' (എബ്രായർ 12:28). തന്നെ അനുഗമിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ദൈവജനത്തെ തികഞ്ഞ പ്രത്യാശയിലേക്കു നയിക്കുന്നത് നീതിസൂര്യനായി വെളിപ്പെടുന്ന രാജാധിരാജാവും കർത്താധി കർത്താവുമായ യേശുക്രിസ്തുവാണ്. ഇളകാത്ത രാജ്യം ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ സ്വർഗ്ഗരാജ്യം തന്നെയാണ്. വീണ്ടും ജനിച്ചു, വിശുദ്ധീകരിക്കപ്പെട്ട് തേജസ്ക്കരിക്കപ്പെടുന്നവർക്ക് തേജോമയമായ സ്വർഗീയ സന്തോഷത്തിലേക്കുള്ള പ്രവേശനം ധാരാളമായി ലഭിക്കും •





പി വി വർഗീസ്

# കുഞ്ഞുങ്ങൾ ഉത്തമരായി വളരുവാൻ

**ഭീ**കരമായ അസ്വസ്ഥകൾ വർധിച്ചു വരുന്ന ഒരു കാലഘട്ടത്തിലാണ് നാം ആയിരിക്കുന്നത്. കഴിഞ്ഞ തലമുറയിലുള്ള അതായതു 40 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവർ കഴിഞ്ഞ നൂറ്റാണ്ടിൽ ജനിച്ച്, കഷ്ടതകളും ബുദ്ധിമുട്ടുകളും ശാസനയും ശിക്ഷണവും അനുഭവിച്ച്, എങ്ങനെ ധാർമ്മികവും അർത്ഥപൂർണ്ണവുമായി ജീവിക്കാമെന്ന് ഏറെക്കുറെ മനസ്സിലാക്കിയവരാണ്. എന്നാൽ ഇളംതലമുറയിൽ നല്ലൊരു പങ്കും ഇത്തരം അനുഭവങ്ങൾ ഇല്ലാതെ വളർന്നവരാണ് എന്നത് ഇന്നുകാണുന്ന പല പ്രശ്നങ്ങളുടെയും മൂലകാരണമാണ്. മക്കളെ വളർത്തുവാൻ വേണ്ടത്ര അറിവോ പരിജ്ഞാനമോ ഇല്ലാതെ, തങ്ങൾ അനുഭവിച്ച ബുദ്ധിമുട്ടുകൾ അറിയാതെ മക്കൾ വളരണം എന്ന ചിന്താഗതിയിൽ അമിതലാളനയും, ആവശ്യപ്പെടുന്നതെന്തും അത്യാവശ്യമോ അനാവശ്യമോ എന്ന് വിവേചിക്കാതെ വാങ്ങി നൽകുകയും ചെയ്തത് കുഞ്ഞുങ്ങളിൽ തെറ്റായ മനോഭാവം ശക്തമാകുവാൻ കാരണമായി. ദീർഘവീക്ഷണമില്ലാതെ അവരെ വളർത്തിയെടുത്തതിൽ മാതാപിതാക്കളും മറ്റു മുതിർന്നവരും ഒരുപോലെ പ്രതിക്കൂട്ടിലാണ്.

ദൈവഭയമുള്ള ഒരു വ്യക്തി ആവുക എന്നതിലാണ് രക്ഷിതാക്കൾ ഊന്നൽ നൽകേണ്ടത്. അതുതന്നെയാണ് യഥാർത്ഥ ജീവിതവിജയം. ഈ കാലഘട്ടത്തിൽ കുട്ടികളെ എങ്ങനെ ശരിയായ രീതിയിൽ വളർത്തണം എന്നതിനെ ആസ്പദമാക്കി ചില കാര്യങ്ങൾ ചിന്തിക്കാം. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനു ഏറ്റവും അനുയോജ്യമായത് 5 വയസ്സ് വരെയുള്ള പ്രായമാണ്. ഈ പ്രായത്തിൽ ഏതു രീതിയിൽ കുട്ടികളെ വളർത്തുന്നു എന്നതിനെ ആശ്രയിച്ചാണ് അവരുടെ സ്വഭാവം രൂപപ്പെടുന്നത്. എന്തെങ്കിലും അരുതാത്ത ശീലങ്ങൾ ഉണ്ടായാൽപ്പോലും ദൈവാശ്രയത്താലും പ്രാർത്ഥനായാലും വചനപഠനത്തിലൂടെയും അവയെ ജയിക്കുവാൻ കഴിയും. കുട്ടികൾ കാണിക്കുന്ന പിടിവാശി, ശാഠ്യം, എന്നിങ്ങനെ ദോഷഫലങ്ങൾ ഉളവാക്കാവുന്ന സ്വഭാവങ്ങൾ അതേപടി അംഗീകരിക്കാതെ, ധാർമ്മിക മൂല്യങ്ങൾ പഠിപ്പിച്ചു കൊടുക്കുകയും സ്നേഹത്തിലൂടെ അവരെ നല്ല മനോഭാവമുള്ളവരായി പരിശീലിപ്പിക്കുകയും ചെയ്യണം. എന്തു പറഞ്ഞാലും മേടിച്ചു കൊടുക്കുന്ന ഒരു തെറ്റായ രക്ഷാകർതൃത്വം ആണ് ഇപ്പോൾ കാണുന്നത്. ആവശ്യമായ സാഹചര്യത്തിൽ 'നോ' പറയേണ്ടതും അത്, അംഗീകരിക്കുവാനുള്ള മനോഭാവം കുട്ടികളിൽ വളർത്തേണ്ടതും അനിവാര്യമാണ്. യഥാർത്ഥ ജീവിതത്തിൽ എല്ലാ കാര്യങ്ങളും ലഭിക്കണമെന്നില്ല. പരാജയം നേരിടേണ്ടി വന്നാൽ അത്തരം അനുഭവങ്ങളെ ഒരു യാഥാർഥ്യമായി അംഗീകരിച്ച് ആ പ്രതിസന്ധിയെ മറികടക്കുവാൻ, ചിലപ്പോൾ അവരോടു

ആരുടെയും ജീവിതത്തിൽ ഏതു സാഹചര്യത്തിലും സംഭവിക്കാം എന്നത് കുട്ടികളെ പറഞ്ഞ് മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങളെ ധൈര്യപൂർവ്വം നേരിടാൻ അത് സഹായിക്കുന്നു.

ജീവിതവിജയം എന്ന ലക്ഷ്യത്തിലെത്തുവാൻ ലക്ഷ്യം പോലെതന്നെ മാർഗ്ഗവും പ്രധാനമാണെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുക. ഉദാഹരണമായി പരീക്ഷയ്ക്ക് നല്ല മാർക്ക് വാങ്ങുന്നതിലുപരി അത് കുട്ടികൾ പഠിച്ച് നേടിയതാണോ അതോ തെറ്റായ രീതിയിൽ നോക്കി എഴുതിയതാണോ എന്ന് നിരീക്ഷിച്ച് ധാർമ്മിക മൂല്യങ്ങൾ മനസ്സിലാക്കാൻ അവരെ സഹായിക്കുക. ഇത് അവരുടെ സ്വഭാവ രൂപീകരണത്തിനും അതുവഴി ഉത്തമമായ ജീവിതം നയിക്കുവാനുമുള്ള ഒരു പ്രോത്സാഹനമാണ് എന്ന് ഓരോ രക്ഷിതാവും തിരിച്ചറിയുക.

മദ്യവും ലഹരിമരുന്നുകളും ഉപയോഗിക്കുവാൻ അനേക കുഞ്ഞുങ്ങളെ സ്വാധീനിക്കയും പ്രലോഭിപ്പിക്കയുംചെയ്യുന്നത് അവരെ ലഹരിയുടെ അടിമകളാക്കും. കുടുംബത്തിലും വിദ്യാലയങ്ങളിലും സമൂഹത്തിലും ഭീകരാന്തരീക്ഷം സൃഷ്ടിച്ച് ജീവിതത്തെത്തന്നെ തകർച്ചയിലേക്ക് നയിക്കുന്നത് അർഹിക്കുന്ന ഗൗരവത്തോടെ ശ്രദ്ധിച്ചേ തീരൂ.

കുഞ്ഞുങ്ങളെ അന്ധമായി വിശ്വസിക്കാതെ സസൂക്ഷ്മം നിരീക്ഷിച്ച് സ്നേഹവും കരുതലും നൽകി ക്രിയാത്മകമായ മനോഭാവം ഉളവാക്കുവാൻ മുതിർന്നവർ അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതുമാണ്.

നമ്മുടെ ഓരോ വാക്കും പ്രവൃത്തിയും അവർ തങ്ങളിലേക്ക് പകർത്തുന്നു എന്ന് നാം മനസ്സിലാക്കണം. ഒരു ഫോട്ടോ എടുക്കുമ്പോൾ ലെൻസിൽ പതിയുന്നതെന്തും ക്യാമറാ പകർത്തുന്നതുപോലെ കുഞ്ഞുങ്ങളുടെ മനസ്സ് വേണ്ടതും വേണ്ടാത്തതും പകർത്തുന്ന ക്യാമറാ പോലെയാണ് എന്നത് നാം വിസ്മരിക്കരുത്.

പിശാച് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന കെണികളിലും ചതിക്കുഴികളിലും നിപതിച്ച്, നിത്യശിക്ഷാവിധിയിൽ അകപ്പെടാതിരിക്കുവാൻ കുഞ്ഞുപ്രായത്തിൽത്തന്നെ ധാർമ്മിക ഗുണനിലവാരമുള്ള മനോഭാവം അവരിൽ രൂപപ്പെടേണ്ടതിനു തിരുവെഴുത്തുകൾ അവരുടെ ഹൃദയ ഭിത്തികളിൽ എഴുതുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം. ദൈവവചനം അവരുടെ കാലിനു ദീപവും പാതയ്ക്ക് പ്രകാശവും ആയിരിക്കട്ടെ.

പറയേണ്ടി വരുന്ന 'നോ' ഉപകരിക്കും. അല്ലാത്ത പക്ഷം തോൽവിയെ നേരിടാൻ കഴിയാതിരിക്കുകയും അവരിൽ അക്രമസ്വഭാവവും ദേഷ്യവും ആത്മഹത്യാപ്രവണതയും ഒക്കെ രൂപപ്പെടുവാനും സാധ്യതയുണ്ട്. 'നോ'പറയുമ്പോൾ കുട്ടികൾ കൂടുതൽ വാശി കാണിച്ചാൽ അത് അവഗണിക്കുന്ന രീതിയിലുള്ള നിലപാട് സ്വീകരിച്ച് അവർക്കു താത്പര്യമുള്ള മറ്റേതെങ്കിലും കാര്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നത് കുട്ടികളുടെ സ്വഭാവരൂപീകരണത്തിന് സഹായിക്കുന്ന ഒരു പ്രധാന ഘടകമാണ്.

അത്യാവശ്യം, ആവശ്യം, അനാവശ്യം എന്നിങ്ങനെ കുഞ്ഞുങ്ങൾ ഉന്നയിക്കുന്ന കാര്യങ്ങളെ വിവേചിക്കണം. അനാവശ്യങ്ങൾ പൂർണ്ണമായി ഒഴിവാക്കുക. അത്യാവശ്യങ്ങൾക്കു മുൻഗണന നൽകുക. ആവശ്യങ്ങൾ നാളേയ്ക്ക് മാറ്റിവയ്ക്കാവുന്നവയാണ്. ഈ നിലയിൽ കാര്യങ്ങൾ നിവർത്തിക്കുന്നത് ആയുഷ്ക്കാലം മുഴുവനും ഫലപ്രദമായി തീരുമാനങ്ങളെടുക്കുവാൻ കുഞ്ഞുങ്ങളെ പ്രാപ്തരാക്കും. കുട്ടികളുടെ പ്രാപ്തിക്കനുസൃതമായി വീട്ടിലെ ജോലികൾ ചെയ്യുവാൻ അവരെ പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. പാചകം, വൃത്തിയാക്കൽ, പൂന്തോട്ടപരിപാലനം, എന്നിങ്ങനെ വീട്ടിൽ നാം ചെയ്യുന്ന ജോലികളിൽ അവരെയും ഉൾപ്പെടുത്തുന്നതിലൂടെ നല്ല രീതിയിലുള്ള സ്വഭാവരൂപീകരണത്തിന് വഴിയൊരുങ്ങുകയും അനാവശ്യകാര്യങ്ങളിൽ ഇടപെടാതെ സമയം പ്രയോജനപ്പെടുത്തുകയും ആവാം. ഇത് അവരുടെ ജീവിതത്തെ നല്ല രീതിയിൽ സ്വാധീനിക്കുന്നു. പഠിക്കുക എന്നതിലേറെ പ്രാധാന്യമുള്ള കാര്യമാണ് സ്വഭാവ രൂപീകരണം.

മാതൃകാവ്യക്തിയെ കണ്ടെത്താൻ പ്രയാസകരമായ ഒരു കാലഘട്ടത്തിലാണ് അവർ ജീവിക്കുന്നത്. ഈ സാഹചര്യത്തിൽ യാതൊരു കാരണവശാലും നേരിട്ടോ അല്ലാതെയോ സത്യസന്ധതയ്ക്ക് വിരുദ്ധമായിട്ടുള്ള പ്രവൃത്തിയോ വാക്കോ മാതാപിതാക്കളിൽ നിന്നുണ്ടാകുവാൻ ഇടയാകരുത്. അത് അവരിൽ തെറ്റായ സന്ദേശം എത്തുന്നതിനും തെറ്റായ ജീവിതശൈലിയിലേക്ക് പോകുന്നതിനും വഴിയൊരുക്കുന്നു. അതിനാൽ മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് ഒരു മാതൃകയാകാൻ എല്ലായ്പ്പോഴും ശ്രമിക്കുക. നാം നൽകുന്ന എല്ലാ പരിശീലനങ്ങളും ഉത്തമമാതൃകയായി സ്വജീവിതത്തിൽ വെളിപ്പെടുത്തുവാൻ ശ്രദ്ധാലുക്കളായിരിക്കണം. കഷ്ടത, അദ്ധ്വാനം, രോഗങ്ങൾ, മരണം, എന്നിങ്ങനെയുള്ളതെന്തും



**വാച്ച്മാൻ നീ**

# അനുഭവിക്കുവാനുള്ള ആത്മിക ആസ്വാദനങ്ങൾ

ക്രിസ്ത്യാനികളെക്കുറിച്ച് 'വരാനിരിക്കുന്ന യുഗത്തിന്റെ ശക്തി ആസ്വദിച്ചവർ' എന്ന് എബ്രായർ 6: 5 ൽ പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത്? പ്രതീക്ഷിക്കുന്ന മനോഹരമായ ഒരു ഭാവി യുഗമുണ്ടെന്ന് നാമെല്ലാവരും സമ്മതിക്കും. ദൈവാത്മാവിന്റെ പ്രവൃത്തികളുടെ അടിസ്ഥാനത്തിൽ (മത്തായി 12:28) ഇപ്പോൾ നമ്മുടെ ഇടയിൽ 'ദൈവാധിപത്യത്തിലുള്ള ദൈവരാജ്യം', അപ്പോൾ സാർവത്രികമായി ദൃശ്യവും എതിരാളികളില്ലാത്തതുമായി മാറും. അതായത് ലോകരാജ്യം ക്രിസ്തുവിന്റെ രാജ്യമായി മാറും (വെളിപ്പാട് 11:15). എന്നാൽ ഇപ്പോൾ നമുക്ക് പരിമിതമായി ആസ്വദിക്കാൻ മാത്രം കഴിയുന്നതായ 'വരുവാനുള്ള ലോകത്തിന്റെ ശക്തി' എന്താണെന്ന് നമുക്ക് ദുർഗ്രഹമായിരിക്കാം. 'വരുവാനുള്ള ലോകത്തിന്റെ ശക്തി' നാം ആസ്വദിക്കുക തന്നെ വേണം. കാരണം 'രുചി' എന്ന വാക്ക് ചിന്തിക്കാനും വിശകലനം ചെയ്യാനും ഉള്ള ഒരു സിദ്ധാന്തം മാത്രമല്ല, മറിച്ച് ആത്മനിഷ്ഠമായി അനുഭവിക്കുകയും അവകാശമാക്കുകയും ചെയ്യേണ്ട ഒന്നിനെയാണ് സൂചിപ്പിക്കുന്നത്. ഈ ശക്തി ഒരു വിരുന്നിന്റെ പ്രാരംഭഘട്ടം മാത്രമാണ്. അതിൽ ഇനിയും വളരെയധികം ആസ്വാദ്യ വിഭവങ്ങളുണ്ട്. പക്ഷേ ശരീരമാകുന്ന മൺകൂടാരത്തിൽ ആ ശക്തി പരിമിതമായ അളവിൽ മാത്രമാണ് ഇപ്പോൾ ആസ്വദിക്കുവാൻ കഴിയുന്നത്.

വരുവാനിരിക്കുന്ന ഭാവിയുഗത്തിൽ രക്ഷയുടെ പൂർണ്ണത വെളിപ്പെടും (1 പത്രോസ് 1:5). ദൈവജനത്തിന് ഒരു സമ്പൂർണ്ണ വിശ്രമം ലഭ്യമാകും (എബ്രായർ 4:9). പുനരുത്ഥാനശരീരത്തിലേക്ക് രൂപാന്തരം ഉണ്ടാകും (റോമർ 8:23). പുനരുത്ഥാന ശരീരത്തിൽ കർത്താവിനെ അധികമായി അറിയുന്ന ഒരു കാലം വരും. വെള്ളം സമുദ്രത്തെ മൂടുന്നതുപോലെ ഭൂമി കർത്താവിന്റെ മഹത്വത്തെക്കുറിച്ചുള്ള അറിവുകൊണ്ട് നിറയുകയും ചെയ്യും (യെശയ്യാവ് 11:9). ഈ അനുഭവങ്ങളെല്ലാം പരിമിതമായ അളവിൽ രുചിച്ചറിയുവാൻ ഇപ്പോൾ നമുക്ക് ക്രിസ്തുവിൽ അവസരമുണ്ട്. എന്നാൽ യേശുവോടൊത്തുള്ള നിത്യതയിൽ എല്ലായ്പ്പോഴും പുതുമയുടെ അനുഭവങ്ങൾ തുടർന്നുകൊണ്ടേയിരിക്കും.

നമ്മുടെ ഇപ്പോഴത്തെ ചിന്തയുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നത് ഇനിപ്പറയുന്ന പരിഗണനാവിഷയങ്ങളാണ്. സങ്കീർത്തനം 8 ലെ ചില വചനങ്ങളാണ് എബ്രായർ 2:8 ൽ ഉദ്ധരണിയായി കാണുന്നത്. 'നീ സകലവും അവന്റെ കാൽക്കീഴാക്കി', തുടർന്ന് 'സകലവും അവന്റെ കാൽക്കീഴിൽ വെച്ചിരിക്കുന്നു' അങ്ങ് സകലവും ക്രിസ്തുവിന്റെ കാൽക്കീഴിലാക്കിയിരിക്കുന്നു....ഒന്നുപോലും അധീനമാക്കാതെ വിട്ടിട്ടില്ല. 'സാത്താൻ സ്വർഗ്ഗത്തിൽ നിന്ന് മിന്നൽ പോലെ വീഴുന്നത് ഞാൻ കണ്ടു' എന്ന് യേശു പറഞ്ഞു. ഇത് ഒരർത്ഥത്തിൽ ഒരു വർത്തമാനകാല വസ്തുതയാണെന്ന് മനസിലാക്കാം. കൂടാതെ,

വെളിപ്പാടിൽ സാത്താൻ ആയിരം വർഷത്തേക്ക് ഒരു ചങ്ങലയാൽ ബന്ധിക്കപ്പെടുന്നത് യോഹന്നാനെ കാണിക്കുന്നു (വെളിപ്പാട് 20:14). സാത്താൻ ഇതിനകം ബന്ധിക്കപ്പെട്ടതായി യേശു പറയുന്നു, അതിനാൽ നമുക്ക് ഇപ്പോൾ അവന്റെ വീട്ടിൽ അതിക്രമിച്ച് കയറി അവന്റെ അടിമത്തത്തിൽ ബദ്ധരായിരിക്കുന്നവരെ വീണ്ടെടുക്കാം (മത്തായി 12:29). ഇവ യേശുവിന്റെ പ്രധാനപ്പെട്ട പ്രസ്താവനകളാണ്; തീർച്ചയായും, നമുക്ക് വർത്തമാനകാലത്ത് രക്ഷയും നിത്യജീവനും ഉണ്ടെങ്കിൽ, ഇപ്പോൾ നമുക്ക് ലഭിക്കുന്നതുപോലെ, ഭാവിയിലെ ഈ 'ശക്തിയുടെ പൂർണ്ണമായ വെളിപ്പെടുത്തലിനെക്കുറിച്ച് നാം അറിഞ്ഞിരിക്കണം. കാരണം, സാർവത്രികമായി ഇതുവരെ പൂർണ്ണമായി പ്രകടമായിട്ടില്ലെങ്കിലും, അവ ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും ഫലങ്ങളാണ്. അവ ഇപ്പോൾത്തന്നെ സഭയുടെ അവകാശവുമാണ്.

ദൈവത്തിന്റെ നിത്യോദ്ദേശ്യം എപ്പോഴും മനുഷ്യനുമായി ബന്ധപ്പെട്ടിരിക്കുന്നു. 'നാം നമ്മുടെ സ്വരൂപത്തിൽ, നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ സൃഷ്ടിക്കുക' എന്ന് ദൈവം അരുളിച്ചെയ്തു. 'അവർക്കു ആധിപത്യം ഉണ്ടാകട്ടെ'. ദൈവം മനുഷ്യനെ സകലത്തെയും അടക്കി വാഴാനും നിയമിച്ചു. മനുഷ്യന് വീഴ്ച ഭവിക്കുമെന്നു ദൈവത്തിന്റെ മുന്നറിവിലുണ്ടായിരുന്നതിനാൽ വീണ്ടെടുപ്പും ദൈവത്തിന്റെ രൂപകൽപ്പനയായിരുന്നു. ദൈവത്തിന്റെ ആത്യന്തിക പദ്ധതി മനുഷ്യന്റെ ആധിപത്യത്തെക്കുറിച്ചാണ്. ഇതിന്റെ പരിധി അതായത് വ്യാപ്തി 'ഭൂമി മുഴുവൻ' ആണ് (ഉല്പത്തി 1:28). മനുഷ്യനോട് 'സകലത്തിന്റെയും മേൽ വാഴുക' എന്ന് ദൈവം കൽപ്പിച്ചു. എന്തുകൊണ്ടെന്ന് നാം സംശയിച്ചേക്കാം. കീഴടക്കാൻ ഒരുഎതിർശക്തിയും ഇല്ലായിരുന്നുവെങ്കിൽ... എന്തുകൊണ്ടാണ് ഇത് ആവശ്യമായി വന്നത്? കർത്താവായ ദൈവം മനുഷ്യനെ ഏദൻതോട്ടത്തിലേക്ക് കൊണ്ടുപോയി അവിടെ വേല ചെയ്വാനും തോട്ടം സൂക്ഷിക്കാനും ആക്കി എന്ന് നമ്മോട് പറയുന്നു. 'കാത്തുസൂക്ഷിക്കുക' എന്നത് ശത്രുവിന്റെ സാമീപ്യത്തെ സൂചിപ്പിക്കുന്നു.

ഉല്പത്തി 1:26 ലെ വാക്കുകൾ ശ്രദ്ധിക്കുന്നത് രസകരമാണ്. മനുഷ്യന് 'ഭൂമി മുഴുവൻ' ആധിപത്യം ഉണ്ടായിരിക്കണം, കൂടാതെ ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജന്തുക്കളെയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ വാക്യം വികസിപ്പിച്ചിരിക്കുന്നു. എന്നാൽ നിയന്ത്രിക്കാനുള്ള ശ്രമത്തിൽ മനുഷ്യൻ ആദ്യം പരാജയപ്പെട്ടത് ഒരു സർപ്പത്തോടായിരുന്നു. മനുഷ്യന്റെ പരാജയത്താൽ സാത്താൻ ഭൂമിയിൽ അവന്റെ മേൽ അവകാശങ്ങൾ നേടി. അങ്ങനെ ജഡത്തിലുള്ള മനുഷ്യൻ ഇപ്പോൾ സാത്താനു വിധേയനാണ്. ദൈവത്തിന്റെ ശത്രുവായ സാത്താൻ ഇപ്പോൾ സ്വാഭാവിക ജനനത്തിലൂടെയുള്ള എല്ലാവരിലും വ്യക്തമായ അവകാശം നേടിയിട്ടുണ്ട്. വീണ്ടുംജനിക്കാതെ സ്വാഭാവിക മനുഷ്യജീവിതം നയിക്കുന്നവർ ഭൂമിയിൽ സാത്താന്റെ പ്രവർത്തനത്തിന്റെ അടിത്തറയാണ്. ആദാമിന്റെ വീഴ്ചയാൽ മനുഷ്യരാശിയുടെ മേൽ അവൻ അവകാശം നേടിയിരിക്കുന്നു.

നമ്മിൽ സാത്താന്റെ ആധിപത്യം അവസാനിപ്പിക്കണമെങ്കിൽ നമ്മിലുള്ള അവന്റെ സ്വാധീനം നിർമ്മൂലമാക്കണം. അതിനാൽ ദൈവം വീണ്ടെടുപ്പിന്റെ പദ്ധതി തയ്യാറാക്കിയിരുന്നു. സാത്താനെ നേരിട്ട് കൈകാര്യം ചെയ്തുകൊണ്ടല്ല, മനുഷ്യൻ തന്നെ സാത്താനെ പരാജയപ്പെടുത്തണമെന്നതായിരുന്നു ദൈവഹിതം. അങ്ങനെ മനുഷ്യരിലുള്ള സാത്താന്റെ സ്വാധീനം നീക്കം ചെയ്തുകൊണ്ട് ദൈവാധിപത്യത്തിലേക്കു മനുഷ്യർ മടങ്ങി വരേണ്ടതുണ്ട്. ദൈവം സാത്താനെ പരാജയപ്പെടുത്തുന്നത് ഒരു പ്രഹരത്തിലൂടെയല്ല, മറിച്ച് ഒരു പൂർണ്ണമനുഷ്യനിലൂടെ ആയിരിക്കണം എന്ന ദൈവികപദ്ധതിയാണ് യേശുവിന്റെ ക്രൂശുമരണത്തിലൂടെ ദൈവം ലക്ഷ്യമിട്ടിരുന്നത്,

അതുകൊണ്ട് സാത്താന് ഇനി നമ്മിൽ യാതൊരു അവകാശവുമില്ല. എന്നാൽ അതിനു രണ്ടു വശങ്ങളുണ്ട്. യേശു ക്രൂശിൽ മരിച്ചു എന്നതുകൊണ്ട് മാത്രം ലോകത്തിലെ സകല പാപികളും രക്ഷ പ്രാപിക്കുന്നില്ല. 'ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു' എന്ന അനുഭവത്തിൽ നാം ആയിത്തീരുമ്പോൾ മാത്രമേ നമ്മുടെ മേലുള്ള സാത്താന്റെ എല്ലാ സ്വാധീനങ്ങളും പൂർണ്ണമായും നീക്കപ്പെടുകയുള്ളൂ. ശത്രു ഏറ്റവും മോശമായത് ചെയ്തിരിക്കുന്നു; മനുഷ്യൻ ദൈവദൂഷണത്തിൽ കുടുങ്ങിയിരിക്കുന്നു. നിങ്ങളോ ഞാനോ എട്ടാം സങ്കീർത്തനം രചിച്ചിരുന്നെങ്കിൽ, അഞ്ചാം വാക്യത്തെ പിന്തുടർന്ന് ദു:ഖത്തിന്റെ ഒരു നിലവിളിയോടെ അവസാനിപ്പിക്കുമായിരുന്നു. അയ്യോ, മനുഷ്യൻ വീണുപോയി; എല്ലാം നഷ്ടപ്പെട്ടു! സങ്കീർത്തനക്കാരൻ അങ്ങനെയല്ല തുടരുന്നത്.

**മനുഷ്യന്റെ വീഴ്ചയിലൂടെ സാത്താൻ അപഹരിച്ചെടുത്ത അവകാശങ്ങൾ യേശു ക്രൂശിലൂടെ വീണ്ടെടുത്തു.**

അവൻ മനുഷ്യന്റെ വീഴ്ചയെ പൂർണ്ണമായും മറന്നതുപോലെയാണ്. കാരണം അവൻ അത് പരാമർശിക്കുന്നില്ല. വീണ്ടെടുപ്പിന്റെ മുഴുവൻ ചരിത്രവും അവന്റെ ചിന്തയിൽ പൊന്തിവരുന്നു. എത്ര മികച്ച വെളിപ്പാട്!

മനുഷ്യപുത്രനിൽ മാത്രമല്ല, തന്നിലൂടെ ദൈവം മഹത്വത്തിലേക്ക് കൊണ്ടുവരുന്ന 'അനേകം പുത്രന്മാരിൽ' കൂടിയാണ് ഈ ഉദ്ദേശ്യം സാക്ഷാത്കരിക്കപ്പെടുന്നത്. ഈ വസ്തുതയ്ക്ക് അടിവരയിടാൻ സങ്കീർത്തനക്കാരൻ പാടുപെടുന്നു. ശത്രു ഏറ്റവും വഷളായ കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും മനുഷ്യന്റെ വീഴ്ചയിലൂടെ സാത്താൻ അപഹരിച്ചെടുത്ത അവകാശങ്ങൾ യേശു ക്രൂശിലൂടെ വീണ്ടെടുത്തു. ഇപ്പോഴും മനുഷ്യരുടെ ഇടയിൽ സാത്താന് തൊടാൻ കഴിയാത്തവരുണ്ട്. 'ശത്രുവിനെയും പ്രതികാരകനെയും നിശബ്ദനാക്കുന്നതിനു നിന്റെ വൈരികൾ നിമിത്തം ദൈവം ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽ ബലം നിയമിച്ചിരുന്നു' (സങ്കീർത്തനം 8: 2). അതായത് ശത്രുവിനെ തകർക്കുവാൻ ദൈവം വലിയ സൈനിക നേതാക്കളെ ആശ്രയിക്കുന്നില്ല. കൊച്ചുകുട്ടികൾ, അതെ, വളരെ ചെറിയ കുഞ്ഞുങ്ങൾ സാത്താന്യ സൈന്യങ്ങളെ അടിച്ചമർത്താൻ പര്യാപ്തരാണ് •

# വീട്ടിലേക്കൊരു മടക്കം

മടങ്ങിവരവിനുള്ള ആഹ്വാനം ദൈവവചനത്തിന്റെ സന്ദേശമാണ്. ഈ സന്ദേശം ഏറ്റവും ലളിതവും ശക്തവുമായി ചിത്രീകരിച്ചിരിക്കുന്നത് യേശുക്രിസ്തു ഉപമയായി പറഞ്ഞ ധൂർത്തു പുത്രന്റെ സംഭവത്തിലാണ്. ഉപമകളുടെ ശ്രേണിയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ രേഖാചിത്രം ഒട്ടനവധി ആളുകളുടെ വീട്ടിലേക്കുള്ള മടക്കത്തിനു പ്രബോധനവും പ്രചോദനവുമായി ഭവിച്ചിട്ടുണ്ട്. സ്വന്തഭവനത്തിലേയ്ക്കു മടങ്ങുകയെന്നതു തീർച്ചയായും പ്രോത്സാഹനം അർഹിക്കുന്ന കാര്യമാണ്. ഭാരതത്തിലെ രാഷ്ട്രീയ, സാമുദായിക പശ്ചാത്തലത്തിൽ 'വീട്ടിലേക്കുള്ള മടക്കം' ചൂടുള്ള ചർച്ചാവിഷയമായിരിക്കുന്ന സാഹചര്യത്തിൽ ഏതാണ് അഭികാമ്യമായ യഥാർത്ഥ ഭവനം എന്നു കണ്ടെത്താൻ കഴിയുന്നതു നല്ലതാണ്. അപ്പോഴാണല്ലോ മടങ്ങിപ്പോക്ക് അർത്ഥപൂർണ്ണമാകുന്നത്. സ്വന്തം വീടിന്റെ ഊഷ്മളമായ അനുഭവങ്ങൾ ഉള്ളിൽ മായാതെ കിടക്കുന്നുണ്ടെങ്കിൽ വീടിന്റെ വെളിയിലെ തിക്താനുഭവങ്ങൾ വീടിനെക്കുറിച്ചുള്ള മോഹം ഉള്ളിലുണർത്തും. വിദ്യാഭ്യാസത്തിനോ ഉദ്യോഗത്തിനോ ഒക്കെയായി പരദേശവാസം ചെയ്യുന്ന പലരും അവധിദിവസങ്ങൾക്കായി ആവലോടെ കാത്തിരിക്കുന്നതു കാണാറുള്ളതാണല്ലോ. മനുഷ്യവർഗ്ഗത്തെ മൊത്തമായെടുത്താൽ സ്രഷ്ടാവായ ദൈവത്തിന്റെ സാന്നിധ്യം അനുഭവിച്ചറിഞ്ഞിരുന്ന ഏദൻതോട്ടമായിരുന്നു അവരുടെ സ്വന്തവീട്. ആ ദൈവസാന്നിധ്യത്തിലേയ്ക്കുള്ള മടക്കമാണാവശ്യം. ഏതു മതസ്ഥരായാലും അതാണു യഥാർത്ഥ 'ഘർ വാപസി'. ഗൃഹാതുരത്വം ഉള്ളിൽ കലശലാവുമ്പോഴാണ് മടങ്ങാൻ ചുവടുകൾ വെയ്ക്കുന്നത്. ആയതിനാൽ ആളുകൾക്ക് വീടിനെക്കുറിച്ചുള്ള അറിവുണ്ടാകണം.

സ്രഷ്ടാവും കർത്താവുമായ ദൈവത്തിന്റെ സാന്നിധ്യത്തിൽനിന്ന് ഒളിച്ചോടുന്നതിനെ 'വാപസി' എന്നു വിളിക്കാനാവില്ല, അതിനെ പിന്മാറ്റമായും, ധൂർത്തുപുത്രന്റെ വികലമായ കണക്കുകൂട്ടലുകൾ പോലത്തെ വലിയ വീഴ്ചയായുമേ കാണാനാവൂ. സംവരണ ആനുകൂല്യങ്ങൾ പോലത്തെ ഭൗതിക മോഹങ്ങളാണ് 'വാപസി'യുടെ പിന്നിലെ പ്രേരകശക്തിയെങ്കിൽ അപ്പന്റെ വീട്ടിലെ നന്മകൾ തിരിച്ചറിയത്തക്കവണ്ണം കർത്താവുമായി പുത്രത്വത്തിന്റെ ബന്ധം പ്രാപിച്ചിട്ടില്ലാത്ത (വീണ്ടും ജനിച്ചിട്ടില്ലാത്ത) ക്രിസ്തുമത നാമധാരികൾ മാത്രമായിരിക്കും ഇത്തരക്കാർ. ഇവരെക്കൊണ്ടു ദൈവത്തിനോ ദൈവസഭയ്ക്കോ ഒരു പ്രയോജനവുമില്ല. ദൈവസാന്നിധ്യത്തിന്റെ വീട്ടിൽനിന്നും ഒളിച്ചോടിയിട്ട് 'ആദമേ നീ എവിടെ' എന്ന ചോദ്യത്തിനു മുമ്പിൽ മടങ്ങിവന്ന ആദ്യത്തെയാൾ മുതൽ വർത്തമാനകാലഘട്ടത്തിൽ സുവിശേഷത്തിന്റെ വിളി അംഗീകരിച്ച് മാനസാന്തരപ്പെട്ടു ദൈവഭവനത്തിലെ സുരക്ഷിതത്വത്തിലേക്കും ആത്മികസമൃദ്ധിയിലേക്കും മടങ്ങിവരുന്ന അവസാനത്തെ പാപി വരെ ഉൾപ്പെടുന്ന ഈ ആത്മിക ഗൃഹമാണ് ഇന്ന് യഥാർത്ഥ ഭവനം. ആ ഭവനത്തിൽനിന്നും ഏതു കാരണത്താലെങ്കിലും പുറത്തുപോയിട്ടുള്ളവർ പിന്മാറ്റം മതിയാക്കി ധൂർത്തുപുത്രൻ വന്ന വഴിയേ വീട്ടിലേക്കു മടങ്ങിവരട്ടെ. അത് ഉത്സവസമാനമായ അന്തരീക്ഷമായിരിക്കും ഉളവാക്കുക. •





സുജ വിനു

# നല്ല ഇടയനോടൊപ്പം ഒരു സഞ്ചാരം

**ബൈ**ബിളിലെ ഒരു യാത്രാവിവരണം നമ്മുടെ അനുഭവത്തോടു ചേർത്ത് ഈ ലക്കത്തിൽ ചിന്തിക്കാം.

ഒറ്റയ്ക്കൊരു ശമരിയക്കാരിക്കു വേണ്ടി കാതങ്ങൾ താണ്ടിയ, തങ്ങളാലാവും വിധം ശുശ്രൂഷകൾ ചെയ്തുകൊണ്ട് തന്നെ അനുഗമിക്കാൻ ഒരു കൂട്ടം സ്ത്രീകളെ അനുവദിച്ച, ശിഷ്യന്മാരെക്കാൾ കൂടുതൽ ശിഷ്യകളുടെ സാന്നിധ്യത്തിൽ കുരിശിലെ മരണസമയം നേരിട്ട... ബലഹീനരായ സ്ത്രീകൾക്കൊപ്പം നിന്ന മനുഷ്യപുത്രനെപ്പറ്റി വേദപുസ്തകം വിവരിക്കുന്ന സന്ദർഭങ്ങളിലെല്ലാം, ആ യേശുവിനൊപ്പം സഞ്ചരിക്കാൻ മനസ്സിൽ മോഹം തോന്നിയിട്ടുണ്ട്. 'നിന്നെ വഹിച്ച ഉദരങ്ങളും പാലൂട്ടിയ സ്തനങ്ങളും ഭാഗ്യമുള്ളവ' എന്നു വിളിച്ചു പറഞ്ഞ സ്ത്രീയെ പോലെ ആ ലാവണ്യ മൊഴികൾ നേരിട്ട് കേട്ട് ആനന്ദിക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ എന്ന് കൊതിച്ചിട്ടുണ്ട്.

ഹൃദയത്തിന്റെ എല്ലാ നല്ല ആഗ്രഹങ്ങളെയും സാധിപ്പിച്ചു തരുന്ന കർത്താവ്, ക്രിസ്തുവിനൊപ്പം നടക്കാനുള്ള ഏറ്റവും നല്ല വഴി, സുവിശേഷങ്ങളുടെ ആവർത്തിച്ചുള്ള വായനയാണെന്ന് പഠിപ്പിച്ചു തന്നു. സൗഖ്യത്തിനായി, അവന്റെ വസ്ത്രാഞ്ചലത്തിൽ എങ്കിലും തൊടാൻ കൊതിച്ച്, മതമര്യാദകളെ ഭയപ്പെടാതെ, ആൾക്കൂട്ടത്തിരക്കിലും അവനോടു ചേർന്നു നടന്നവൾ ആയി, സൗഖ്യം പ്രാപിച്ചപ്പോൾ 'ആരെന്നു തിരയുന്ന' ആ തീക്ഷ്ണ നോട്ടത്തിലെ സൗമ്യത അറിയുന്നവളായി, കരഞ്ഞിട്ടും കരഞ്ഞിട്ടും മതിവരാതെ അവന്റെ കാൽപാദം ചുംബിച്ച് കൊണ്ടിരുന്നവളായി, പാപത്തിൽ പിടിക്കപ്പെട്ട് കല്ലെറിയപ്പെടേണ്ടവളായി നിൽക്കുമ്പോൾ 'ഞാനും നിന്നെ വിധിക്കുന്നില്ല' എന്ന ആർദ്ര കരുണയുടെ വാക്കുകൾ കേൾക്കുന്നവളായി... ഹാ! എന്റെ ദൈവത്തിന്റെ സ്നേഹം എത്രവട്ടം അറിഞ്ഞിരിക്കുന്നു സുവിശേഷത്തിലെ ക്രിസ്തുവിനോടൊപ്പം ഉള്ള സഞ്ചാരത്തിലൂടെ...

എന്നാൽ മത്തായിയുടെ സുവിശേഷം ഇരുപത്തിയൊന്നാം അധ്യായം ചില സന്ദർഭങ്ങളിലൂടെ മാത്രമല്ല, യേശു നടത്തുന്ന ഒരു മുഴുനീളയാത്രയിൽ പങ്കുചേരാൻ വായനക്കാർക്ക് കൃപ നൽകുന്നു. യെരീഹോവിൽ നിന്ന് പുറപ്പെട്ടു കാൽനടയായി യെരുശലേമിലേക്ക് പോകുന്ന യേശുവിനോടൊപ്പം ഉള്ള ആ വലിയ പുരുഷാരത്തിൽ ഒരാളായി നമുക്ക് ഓരോരുത്തർക്കും പങ്കുചേരാം. 'അനന്തരം അവൻ യെരുശലേമിനെ സമീപിച്ചു' എന്നു തുടങ്ങുന്ന ആ അധ്യായത്തിൽ, സഞ്ചാരം സചിത്ര വർണ്ണന പോലെ രേഖപ്പെടുത്തിയിരിക്കുന്നു. ഒലിവു മലയരികെ ബേത്ത്ഫാഗ എന്നൊക്കെ എത്ര കൃത്യമായാണ് ലാൻഡ്മാർക്കുകൾ നൽകിയിരിക്കുന്നത്. ആധുനികയുഗ ചരിത്രപുസ്തകങ്ങളിൽ പോലും വിരളമായുള്ള വിശദാംശ കൃത്യതകൾ (accurate detailing) ബൈബിളിന്റെ വിശ്വാസ്യതയെ മാത്രമല്ല, വായനക്കാരുടെ ഭാവനയെയും ഉണർവ്വുള്ളതാക്കുന്നു. ബേത്ഫാഗയിൽ ക്രിസ്തു നടപ്പ് നിർത്തി. താൻ പോകുന്ന ദേവാലയത്തെക്കുറിച്ച് അവനൊരു ദർശനം ഉണ്ട്. തന്റെ പിതാവിന്റെ ആലയം എന്തായിരിക്കണം എന്നൊരു തീക്ഷ്ണതയുണ്ട്. അങ്ങോട്ടു പോകുന്നത് എങ്ങനെയായിരിക്കണം

എന്നൊരു പദ്ധതി ഉണ്ട്. ഇന്ന് ദൈവാലയം എന്നാൽ സഭയും ഓരോ വിശ്വാസികളുടെയും ഹൃദയവും ആണ്. എന്റെ സഭയെപ്പറ്റി, എന്റെ ഹൃദയത്തെപ്പറ്റി, അത് പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടുന്നതായി എനിക്ക് പറയുവാൻ കഴിയുമോ? ഉന്നതഭാവങ്ങളെയൊക്കെ ഒന്നു താഴ്ത്തി കെട്ടാൻ എനിക്ക് സാധ്യമാകുന്നുണ്ടോ? ദൈവാലയത്തിൽ പോകാൻ ഒരു തയ്യാറെടുപ്പ് ഞാൻ നടത്തുന്നുണ്ടോ?

ഒരു സാക്ഷ്യമോ ഒരു സങ്കീർത്തനമോ ഒരു പ്രബോധനമോ എനിക്കുണ്ടോ? കഴുതപ്പുറത്തേറി ദൈവാലയത്തിലേക്ക് വരുന്ന ഈ രാജാവ് പഠിപ്പിക്കുന്ന സൗമ്യതയുടെ പാഠങ്ങൾ ഞാൻ മനസ്സിലാക്കുന്നുണ്ടോ? ക്രിസ്തുവിനൊത്തുള്ള നടപ്പ്, ഭയത്തിന്റെയും വിറയലിന്റെയും കൂടിയാണ്. സിംഹാസനത്തിൽ ഇരിക്കുന്ന യഹോവയെ കണ്ട യെശയ്യാവിനെ പോലെ, പെരുത്തമീൻ കൂട്ടത്തിനരികിൽ നസ്രായനെ കണ്ട പത്രോസിനെ പോലെ, നമ്മുടെ ഉള്ളറകളിലേക്ക് വരുന്ന അഗ്നി ജ്വാലക്കൊത്ത കണ്ണുകൾ നമ്മിൽ പാപബോധമുളവാക്കുമ്പോൾ അത്ഭുതങ്ങൾ കണ്ടു രസിച്ചും അപ്പം തിന്ന് തൃപ്തിപ്പെട്ടുമുള്ള നടപ്പിനേക്കാൾ, കണ്ണുനീരിന്റെയും ഏറ്റുപറച്ചിലിന്റെയും നടപ്പാകുന്നു ക്രിസ്തുവിനൊപ്പം ഉള്ളത്. ക്ഷമിക്കുന്ന കരുണയിൽ ആശ്രയിച്ചുകൊണ്ടും ആശ്വസിച്ചു കൊണ്ടും മാത്രമേ ഹോശന്നാ വിളിക്കുന്ന ജനക്കൂട്ടത്തോടൊപ്പം ചേരുവാൻ കഴിയൂ... നമ്മുടെ സ്തുതിഗീതങ്ങൾ പൊള്ളവാക്കുകളേടേത് എങ്കിൽ നാം ഒരാഴ്ച കഴിയുമ്പോൾ 'അവനെ ക്രൂശിക്കുക' എന്ന് വീണ്ടും വീണ്ടും ആർക്കുന്ന ജനക്കൂട്ടത്തോടൊപ്പം ചേർന്നേക്കാം ... ദൈവാലയത്തിൽ കച്ചവടം പൊടി പൊടിക്കുന്നു. വേർപെട്ട സഭകളിൽ കൊന്തകളോ രൂപങ്ങളോ നേർച്ച വസ്തുക്കളോ വിൽക്കുന്ന പ്രത്യക്ഷ ശാലകൾ ഉണ്ടായേക്കില്ല. പക്ഷേ കച്ചവടത്തിനായി ബന്ധങ്ങളെ ഉപയോഗിക്കാനുള്ള പ്രവണത ഇല്ലാതെയില്ല.

ദൈവനാമ മഹത്വമെന്നതിനല്ലാതെ സ്വയം നേട്ടത്തിനുള്ള വ്യാപാരക്കണ്ണികൾ ദൈവാലയ ബന്ധങ്ങളിലൂടെ ഉണ്ടാക്കിയെടുക്കുന്നുണ്ടോ ഞാൻ അഥവാ നമ്മൾ...? നോക്കൂ, കച്ചവടക്കാർക്കെതിരെ ചാട്ടവാർ ചുഴറ്റുമ്പോൾ, മുമ്പു നാം കണ്ട സൗമ്യഭാവം ഒന്നും ഇല്ല യേശുവിന്റെ മുഖത്ത്. ന്യായവിധിക്കായി വരുന്ന യേശുവും തന്റെ പിതാവിന്റെ മഹത്വത്തെ സ്വാർത്ഥലാഭത്തിനായി ഉപയോഗിക്കുന്നവരോട് കരുണ ഇല്ലാത്തവൻ ആയിരിക്കും തീർച്ച.

യേശുവിന്റെ ഈ അധികാരത്തെ ചോദ്യം ചെയ്യുകയാണ്, പുരോഹിതന്മാരും പണ്ഡിതന്മാരും. അറിവുള്ളവരുടെ അറിവിനെ അതേ നാണയത്തിൽ നേരിടുന്നു യേശു. വലിയ തർക്കശാസ്ത്രിമാരും വചനജ്ഞാനികളുമായവരെ 'ശിശുക്കളുടെ അധരങ്ങളിൽ സ്തുതി ഒരുക്കപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ വായിച്ചിട്ടില്ലയോ' എന്ന് യേശു ചോദിക്കുമ്പോൾ നാം ഓരോരുത്തരും വചനം വായിക്കുന്നത് എന്ത് ഉദ്ദേശ്യത്തോടെയാണ്, എന്നൊരു സ്വയവിചിന്തനം ഉള്ളിൽ ഉണരുന്നു. തർക്കിക്കാനോ... സ്വന്ത താൽപര്യങ്ങൾ നേടാനോ... സ്വയം ശോധനയും കൂടിയാണ് നമ്മുടെ യെരുശലേം യാത്ര. ബുദ്ധിയുള്ളവർ സന്ദേഹിച്ചു നിൽക്കുമ്പോൾ അന്ധരും ചെകിടരും മുടന്തരുമായവർ അവന്റെ അരികിലേക്ക് വരികയും സൗഖ്യം നേടുകയും ചെയ്യുന്നു... അവർക്ക് സംശയങ്ങൾ ഇല്ല. ഹൃദയം നുറുങ്ങിയും മനസ്സ് തകർന്നുമിരിക്കുന്നവർക്കാണല്ലോ യേശു എപ്പോഴും സമീപസ്ഥനാകുന്നത്.

ചോദ്യങ്ങളെയെല്ലാം നേരിട്ട്, പിറ്റേന്നും ദൈവാലയത്തിലേക്ക് പോകുന്ന യേശു... തനിക്ക് വിശക്കുന്നുണ്ട്, അത്തിമരത്തിലോ ഫലങ്ങൾ ഒന്നും കാണുന്നുമില്ല. ഭക്തിയുടെ, ആചാരങ്ങളുടെ, ഗ്രന്ഥപരിചയത്തിന്റെ... തളിർത്ത ഇലകൾ മാത്രം! സ്വന്ത താത്വിക താർക്കിക ജ്ഞാനം കൊണ്ട് യേശുവിനെ അളക്കാൻ ശ്രമിച്ച് സത്യം അറിയുവാൻ കഴിയാതെ പോകുന്നുവോ ഇന്നും ഹൃദയങ്ങൾക്ക്... എന്നാൽ യേശുവോ, അന്ധന്മാർ എന്നപോലെ, മുടന്തന്മാർ എന്നപോലെ... പരിമിതികൾ ഉള്ളവരായി, പരാധീനതകൾ ഉള്ളവരായി, പരാജയപ്പെട്ടവരായി നമ്മെത്തന്നെ കാണുവാൻ ആവശ്യപ്പെടുന്നു. അവനാൽ അല്ലാതെ നമുക്ക് യാതൊന്നും സാധ്യമല്ലെന്ന് വിശ്വസിക്കുവാൻ ആവശ്യപ്പെടുന്നു. വിശ്വസിച്ചു കൊണ്ട് യാചിച്ചാൽ എന്തും സാധ്യമാകുമെന്ന് ഉറപ്പിച്ചു പറയുന്നു... നാഥാ ആ ഉത്തമ വിശ്വാസത്തെ എന്നിൽ ഉണർത്തണമേ എന്നൊരു പ്രാർത്ഥനയാണ് ആൾക്കൂട്ട ഹൃദയത്തിലും എന്റെ ഹൃദയത്തിലും വേണ്ടത്. പക്ഷേ നോക്കൂ... അവർ പിന്നെയും യേശുവിനെ ചോദ്യം ചെയ്യുകയാണ്; അവരുടെ കൗശലത്തെ അതേ നാണയത്തിൽ വീണ്ടും നേരിടുന്നു യേശു. യോഹന്നാന്റെ സ്നാനം ഉന്നതത്തിൽ നിന്ന് എന്ന് അവർ അംഗീകരിക്കു

ശേഷം പേജ് 29 ▶

# ദൈവശക്തിയായ ക്രൂശിന്റെ വചനം



**ഷാജി ഉമ്മൻ**

***ക്രിസ്തുവിന്റെ ക്രൂശ് വ്യർഥമാകാതിരിക്കേണ്ടതിനു വാക്ചാതുര്യത്തോടെ അല്ലതാനും (1 കൊരിന്ത്യർ 1:17). ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണയിച്ചു (1 കൊരിന്ത്യർ 2 :2).***

ഗമാലിയേലിന്റെ കീഴിൽ ലഭിച്ച പരിശീലനത്തിലൂടെ യഹൂദാ ദൈവശാസ്ത്രം, നിയമം, പാരമ്പര്യം എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ഗ്രാഹ്യം നേടിയവൻ (അപ്പോസ്തല പ്രവൃത്തികൾ 22:3), എട്ടാം നാളിൽ പരിച്ഛേദന ഏറ്റവൻ, യിസ്രായേൽ ജാതിക്കാരൻ, ബെന്യാമീൻഗോത്രക്കാരൻ, എബ്രായരിൽനിന്നു ജനിച്ച എബ്രായൻ, ന്യായപ്രമാണം സംബന്ധിച്ചു പരീശൻ, ശുഷ്കാന്തി സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ, ന്യായപ്രമാണത്തിലെ നീതി സംബന്ധിച്ച് അനിന്ദ്യൻ... (ഫിലിപ്പിയർ 3:5, 6) ഇങ്ങനെ പോകുന്നു ആദ്യകാലത്ത് ശൗൽ എന്ന എബ്രായ നാമത്തിൽ അറിയപ്പെട്ടിരുന്ന, പൗലോസ് എന്ന റോമൻ നാമധാരിയെക്കുറിച്ചുള്ള വിശേഷണങ്ങൾ. അനേക സഭകൾ സ്ഥാപിക്കുകയും നിരവധി ഈടുറ്റ ലേഖനങ്ങൾ ക്രിസ്തീയ സഭയ്ക്ക് പ്രദാനം ചെയ്യുകയും ചെയ്ത ഈ പൗലോസാണ് താൻ ആർജ്ജിച്ച അറിവുകൾ മാറ്റിവച്ചുകൊണ്ടു ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ മാത്രം അറിയുന്നവൻ എന്ന് വളരെ വിനയാന്വിതനായി പറയുന്നത്.

പ്രാസവും സാഹിത്യവും ഉൾകൊള്ളിച്ചു വാഗ്വൈഭവത്തോടെ തങ്ങളുടെ പ്രസംഗപാടവത്തെ കർണ്ണരസമാകുമാറ് ജനത്തിന്റെ മുമ്പിൽ എടുത്തു കാട്ടാനാണ് മിക്ക പ്രസംഗകരും ശ്രമിക്കുന്നത്. ഇതിനായി മിക്കപേരും പ്രസംഗശാസ്ത്രം പ്രസംഗകലകൾ മോബ് സൈക്കോളജി എന്നിവയിൽ ഒക്കെ പ്രാവീണ്യം നേടും. എങ്ങനെയും തങ്ങളുടെ 'പെർഫോമൻസ്' നാലാൾ അറിയണം എന്ന ആഗ്രഹത്തോടെയാണ് പ്രസംഗവേദിയിൽ നിൽക്കുന്നത്.

കുലമഹിമയാലും സമ്പത്തിനാലും ജ്ഞാനത്താലും ഉന്നതിയിലായിരുന്നവനും, മാനസാന്തരത്തിനു ശേഷം ദൈവിക മർമ്മങ്ങളുടെ ജ്ഞാനത്താലും വെളിപ്പാടുകളുടെ ആധിക്യത്താലും പ്രസംഗിക്കുവാൻ പാടവം ഉണ്ടായിരുന്ന പൗലോസ് അത്യന്തം ശ്രദ്ധിക്കുന്നത് 'ക്രിസ്തുവിന്റെ ക്രൂശ് വ്യർത്ഥമാകരുത്' എന്നുമാത്രമാണ്. ക്രൂശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി ഇരിക്കണമെന്നും 'മഹത്വം മുഴുവനും ദൈവത്തിനു മാത്രമായിരിക്കണം' എന്നും അദ്ദേഹം അതിയായി ആഗ്രഹിച്ചു. ദൈവത്തിൻെറ കയ്യിലെ ഒരുപകരണമായി ഉപയോഗിക്കപ്പെടുന്നത് തന്റെ ശ്രേഷ്ഠത നിമിത്തമല്ല; പിന്നെയോ ദൈവകൃപ ലഭിച്ചതുകൊണ്ടുമാത്രമാണെന്നു അദ്ദേഹം മനസ്സിലാക്കി. 'ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു' (1 കൊരിന്ത്യർ 1: 18). അനുഷ്ഠാനങ്ങളിലൂടെയും കർമ്മങ്ങളിലൂടെയും സത്പ്രവർത്തികളിലൂടെയും രക്ഷ നേടുവാൻ ശ്രമിക്കുന്ന ഒരു മനുഷ്യന് തീർച്ചയായും ക്രൂശിന്റെ വചനം ഒരു ഭോഷത്വം തന്നെയായിരിക്കും. ദൈവം മനുഷ്യനായി വന്ന് ക്രൂശിൽ മരിച്ച്, മനുഷ്യനെ രക്ഷിക്കുക എന്നത്, മനുഷ്യബുദ്ധിക്ക് മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്നാൽ രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയായി അനുഭവപ്പെടുന്നു. എത്ര കൊടുംപാപിയായിരുന്നാലും കൃപയാൽ വിശ്വാസം മൂലം രക്ഷിക്കപ്പെടുക എന്നത് ഒരു ദൈവിക മർമ്മമാണ്. ഇത് മനസ്സിലാക്കുവാൻ ജ്ഞാനമല്ല വേണ്ടത് പിന്നെയോ വിശ്വാസമാണ്. ലോകസ്ഥാപനത്തിന് മുമ്പേ

ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു, നമ്മുടെ പകരക്കാരനായി കർത്താവ് കാൽവറിക്രൂശിൽ മരിച്ചപ്പോൾ നാമും ക്രിസ്തുവിൽ ഉണ്ടായിരുന്നു. അന്ന് ചതിമോഹങ്ങളാൽ വഷളായിപ്പോയ എന്റെ പഴയ മനുഷ്യൻ മരിച്ചു; ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ. അതായതു ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിക്കേണ്ടതിനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാത്തവരായി ഇരിക്കേണ്ടതിനും അനുദിനവും രൂപാന്തരം പ്രാപിച്ചു ക്രിസ്തുവിനോട് അനുരൂപരായി ക്രിസ്തു എന്ന തലയോളം വളരേണ്ടതിനും ആണ്. ആയതിനായി അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും (1 കൊരിന്ത്യർ 1: 8). ഇതോടൊപ്പം മഹത്തായ ഒരു വാഗ്ദത്തവും നൽകപ്പെട്ടിരിക്കുന്നു. ഈ വാഗ്ദത്തനിവൃത്തിക്കായി നമ്മെ പ്രാപ്തരാക്കേണ്ടതിനാണ് ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ വഴിനടത്തുന്നത്.

കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു, അത് കൃപയാലുള്ള വിശ്വാസത്തിലൂടെയാണ്. നിങ്ങളിൽ നിന്ന് ഉൽഭവിച്ചതല്ല ആ രക്ഷ, ദൈവത്തിന്റെ ദാനമാണ്. ഈ രക്ഷ എന്നത് നാം ചെയ്ത സത്പ്രവൃത്തികളുടെ പ്രതിഫലമായിട്ടല്ല ലഭിക്കുന്നത്. അങ്ങനെ ആയിരുന്നുവെങ്കിൽ നമുക്ക് ആത്മപ്രശംസ ചെയ്യുവാൻ വകയുണ്ടായിരുന്നു. നാം ദൈവകരങ്ങളുടെ സൃഷ്ടിവൈദഗ്ധ്യമാണ്. സത്പ്രവൃത്തികൾ ചെയ്യുവാനായിട്ടാണ് ക്രിസ്തുയേശുവിൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, അപ്രകാരം ചെയ്യുന്നതിന് ദൈവം മുൻകൂട്ടി തീരുമാനിച്ചതുമാണ് (എഫെസ്യർ 2:8 - 10). അവൻ മരിച്ചവരുടെ ഇടയിൽനിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി, അന്ത്യകാലത്തിൽ വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കുവേണ്ടി സ്വർഗത്തിൽ സൂക്ഷിച്ചിരിക്കുന്നതും ക്ഷയം, മാലിന്യം, വാട്ടം എന്നിവ ഇല്ലാത്തതുമായ അവകാശത്തിനായിത്തന്നെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു (1 പത്രോസ് 1:35). നോക്കൂ ഈ ക്രൂശിന്റെ വചനത്തിന് അതിന്റേതായ ശക്തിയുണ്ട്. അത് കൂടുതൽ കൊഴുപ്പിക്കുവാൻ നമ്മുടെ കയ്യിലെ തന്ത്രങ്ങളൊന്നും ആവശ്യമില്ല. ഇന്ന് ദൈവവചനം ആകർഷണീയമാക്കുവാൻ മനുഷ്യന്റേതായ പല പൊടിക്കൈകൾ ഉണ്ട്. സിനിമാ സെറ്റിങ്ങുകളെ വെല്ലുന്ന രീതിയിലുള്ള സ്റ്റേജ് അറേഞ്ച്മെന്റുകൾ, ഇവന്റ് മാനേജ്മെന്റ്, വൈദഗ്ദ്യം നേടിയ സംഗീതമേളക്കാർ... ഇവയൊക്കെ ഒരർത്ഥത്തിൽ ദൈവത്തെ വേദനിപ്പിക്കുന്ന അന്യാഗ്നി അല്ലേ? ക്വയർ പാട്ടുകാരായും വിശ്വാസികൾ കേൾവിക്കാരായും ഇരിക്കുന്നത് ദൈവത്തിനു പ്രസാദമാകുമോ? എല്ലാവരും ചേർന്ന് പാടുന്നതല്ലേ ഉചിതം? അതുപോലെതന്നെ സംഗീതോപകാരണങ്ങളുടെ ശബ്ദം പാട്ടുകാരുടെ ശബ്ദത്തെ കവിഞ്ഞു പോകുന്നതും അനുചിതമല്ലേ?

പൗലോസ് വീണ്ടും പറയുകയാണ് ഞാൻ ബലഹീനതയോടും ഭയത്തോടും വളരെ നടുക്കത്തോടും കൂടെ നിങ്ങളുടെ ഇടയിൽ ഇരുന്നു. നിങ്ങളുടെ വിശ്വാസത്തിന് മനുഷ്യരുടെ ജ്ഞാനമല്ല, ദൈവത്തിൻെറ ശക്തി തന്നെ ആധാരമായിരിക്കേണ്ടതിന് എന്റെ വചനവും എന്റെ പ്രസംഗവും ജ്ഞാനത്തിന്റെ വശീകരണ വാക്കുകളാൽ അല്ല, ആത്മാവിന്റെയും ശക്തിയുടെയും പ്രദർശനത്താലത്രേ ആയിരുന്നത്. ജഡത്തിന് ആനന്ദം ഉണ്ടാക്കുന്നതും മനുഷ്യരെ ത്രസിപ്പിക്കുന്നതുമായ കാര്യങ്ങൾ പറഞ്ഞ് ദൈവവചനത്തിന്റെ ശക്തിയെ അപ്രസക്തമാക്കുന്ന ഒരാൾ ഒരിക്കലും ഒരു വിശ്വസ്ത ദൈവദാസൻ ആയിരിക്കുകയില്ല. മറിച്ച് ദൈവവചനത്തിന്റെ മൂർച്ച കുറയാതെയും ആശയവ്യത്യാസം വരാതെയും പരിശുദ്ധാത്മാവ് എന്ത് ഉദ്ദേശ്യത്തോടെ ആണോ പ്രബോധിപ്പിക്കുന്നത്, അങ്ങനെതന്നെ ജനങ്ങൾക്ക് പകർന്നുകൊടുക്കുന്നതാണ് ഒരു യഥാർത്ഥ ദൈവദാസന്റെ ദൗത്യം. മാനുഷീകമായ പൊടിപ്പും തൊങ്ങലും, മായച്ചന്തയിലെ മായക്കാഴ്ചകളും ഉപയോഗിച്ച് ശത്രുവായ പിശാച് അനേകരെ കുരുടരാക്കിയിരിക്കയാണ്. അവിശ്വാസികളായ അവരുടെ മനസ്സ് ഈ ലോകത്തിന്റെ ദൈവമായ പിശാച് അന്ധമാക്കിയിരിക്കുന്നു. അത് ദൈവപ്രതിരൂപമായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷം അവരുടെ മേൽ പ്രകാശിക്കാതിരിക്കേണ്ടതിനാണ് (2 കൊരിന്ത്യർ 4:4). ആകയാൽ ദൈവത്തിന്റെ വചനം സാക്ഷാൽ ആയിരിക്കുന്നതുപോലെ തന്നെ കലർപ്പില്ലാതെ, ജനത്തിന് പകർന്നുകൊടുക്കുക എന്നതാണ് ഒരു സുവിശേഷകനെ ദൈവം ഭരമേല്പിച്ചിരിക്കുന്ന ദൗത്യം. ആയതിനാൽ 'വിശ്വസ്തനായ ദാസനെ' എന്ന വിളി കേൾക്കുവാൻ നാം ഓരോരുത്തരും ദൈവകൃപയിൽ സമ്പൂർണ്ണമായി ആശ്രയിക്കുവാൻ ദൈവം സഹായിക്കട്ടെ. •



## മത്തായിയുടെ സുവിശേഷ ത്തിലെആത്മിക മർമ്മങ്ങൾ

ജോയ് എം. തോമസ്

# ക്രിസ്തു ദാവീദിന്റെ പുത്രനോ?

***പരീശന്മാർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ യേശു അവരോട്: ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്ത് തോന്നുന്നു? അവൻ ആരുടെ പുത്രൻ എന്ന് ചോദിച്ചു, ദാവീദിന്റെ പുത്രൻ എന്ന് അവർ പറഞ്ഞു. അവൻ അവരോട് എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്ന് വിളിക്കുന്നത് എങ്ങനെ? ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം എന്റെ വലതുഭാഗത്ത് ഇരിക്ക എന്ന് കർത്താവ് എന്റെ കർത്താവിനോട് അരുളിച്ചെയ്തു എന്ന് അവൻ പറയുന്നുവല്ലോ. ദാവീദ് അവനെ കർത്താവ് എന്നു പറയുന്നു എങ്കിൽ അവന്റെ പുത്രൻ ആകുന്നത് എങ്ങനെ എന്ന് ചോദിച്ചു. അവനോട് ഉത്തരം പറവാൻ ആർക്കും കഴിഞ്ഞില്ല, അന്നുമുതൽ ആരും അവനോട് ഒന്നും ചോദിക്കാൻ തുനിഞ്ഞതും ഇല്ല (മത്തായി 22: 41-46).***

യേശുകർത്താവിനെ വാക്കിൽ കുടുക്കുവാനുള്ള ദുരുദ്ദേശ്യത്തോടുകൂടിയാണ് പലപ്പോഴും പരീശന്മാർ കർത്താവിനോട് ചോദ്യങ്ങൾ ചോദിച്ചിട്ടുള്ളത്. അവരുടെ തന്ത്രം ഒരിക്കൽപോലും ഫലിച്ചില്ല എന്നതാണ് വാസ്തവം. എന്നാൽ കർത്താവ് അവരോട് എപ്പോഴെങ്കിലും ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടെങ്കിൽ അത് അവരെ ചിന്തിപ്പിക്കുവാനും സത്യം ഗ്രഹിപ്പിക്കുന്നതിനും ആയിരുന്നു. കർത്താവ് എപ്പോഴും എല്ലാറ്റിനും നമുക്ക് മാതൃക കാട്ടിയിരിക്കുന്നു. നമ്മെ സ്നേഹിച്ച് സ്വർഗം വിട്ട് നമ്മുടെ അടുക്കലേക്ക് അവിടുന്ന് ഇറങ്ങി വന്നു. പാപം ഒഴികെ സകലത്തിലും നമ്മോട് അനുരൂപപ്പെട്ടു. എന്നാൽ അവിടുന്ന് തന്റെ വിശുദ്ധിയുടെ ഉന്നത നിലവാരം എപ്പോഴും തുടർന്നു. മറ്റുള്ളവരുടെ ഇടപെടലോ പ്രതികരണമോ അനുസരിച്ച് അവിടുന്ന് മാറിയില്ല. വിശുദ്ധിയുടെ നിലവാരത്തിൽ നിന്നും താഴേക്ക് ഇറങ്ങിയില്ല. മറ്റുള്ളവർ തരം താഴുന്നതിനനുസരിച്ച് നാം താഴരുത്. കർത്താവ് വിശുദ്ധൻ ആയിരിക്കുന്നതുപോലെ വിശുദ്ധരാകുവാൻ വിളിക്കപ്പെട്ടവരാണ് നാം എന്നത് കർത്താവിൽ നിന്നും പഠിക്കേണ്ട സുപ്രധാന പാഠമാണ്.

കർത്താവ് പരീശന്മാരോട് ചോദിച്ച ചോദ്യം: ക്രിസ്തുവിനെ കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ ആരുടെ പുത്രൻ? ദാവീദിന്റെ പുത്രൻ എന്ന് അവർ കൃത്യമായി മറുപടി പറഞ്ഞു. മശിഹ അഥവാ ക്രിസ്തു വരും എന്ന് അവർ വിശ്വസിക്കുന്നു എന്ന് അവർ കരുതി. മശിഹാ വരും എന്ന് അവർ ജനത്തെ പഠിപ്പിക്കുകയും ചെയ്തു. എന്നാൽ മശിഹാ അഥവാ ക്രിസ്തു അവരോട് മുഖാമുഖം സംസാരിച്ചിട്ടും ക്രിസ്തുവിനെ അവർ തിരിച്ചറിഞ്ഞില്ല. കാരണം അവർ വിശ്വസിക്കുന്നു എന്ന് ചിന്തിച്ചതുപോലെ വാസ്തവത്തിൽ അവരിൽ വിശ്വാസം ഉണ്ടായിരുന്നില്ല. ക്രിസ്തു യഥാർത്ഥമായും ആരാണ് എന്ന് മനസ്സിലാക്കുവാൻ വെളിപ്പാടിന്റെ ആത്മാവ് അവർക്കില്ലാ

യിരുന്നു. അവർ ചിന്തിക്കുന്നതിൽ നിന്നും ക്രിസ്തു വ്യത്യസ്തനാണെന്ന് അവരെ ബോധ്യപ്പെടുത്തുവാൻ ഉപകരിക്കുന്നതായിരുന്നു കർത്താവിന്റെ അടുത്ത ചോദ്യം.

ക്രിസ്തു ദാവീദിന്റെ പുത്രനാണ് എന്ന് ഉത്തരം പറഞ്ഞ പരീശന്മാരോട് കർത്താവ് ചോദിച്ചു: 'എന്നാൽ ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്ന് വിളിക്കുന്നത് എങ്ങനെ?' വാസ്തവം അതാണ്. അതായത് ക്രിസ്തു ദാവീദിന്റെയും കർത്താവാണ്. എന്നാൽ കർത്താവായവൻ എന്നുവെച്ചാൽ ദൈവമായവൻ ദാവീദിന്റെ പുത്രനായി ജഡാവതാരം എടുത്തതാണ് ക്രിസ്തു. ആ വെളിപ്പാട് അവർക്ക് ലഭിച്ചില്ല. അതുകൊണ്ടാണ് യേശുവിനെ ക്രിസ്തു ആയി മനസ്സിലാക്കുവാനും അംഗീകരിക്കുവാനും അവർക്ക് കഴിയാതെ പോയത്. ക്രിസ്തു യഥാർത്ഥത്തിൽ ദൈവപുത്രനാണ്. യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുന്നതാണ് 'അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുക' (യോഹന്നാൻ 1:12) എന്നത്. അപ്രകാരം യേശുവിനെ ക്രിസ്തു എന്ന് വിശ്വസിക്കുന്നവർ ദൈവത്തിൽ നിന്നും ജനിക്കുന്നു (1 യോഹന്നാൻ 5:1). യേശുവിനെ ക്രിസ്തു എന്ന മനസ്സിലാക്കുന്നത് ദൈവം നൽകുന്ന വെളിപ്പാടിലൂടെയാണ്. ക്രിസ്തു എന്നു വെളിപ്പെട്ടു ലഭിക്കുന്നവർക്ക് അവിടുന്ന് ദൈവപുത്രനാണ് എന്നതും വെളിപ്പെട്ടു കിട്ടുന്നു. 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു' (മത്തായി 16:16) എന്നായിരുന്നുവല്ലോ പത്രോസിനു വെളിപ്പാട് ലഭിച്ചതും താൻ ഏറ്റു പറഞ്ഞതും. അപ്പോൾ സ്വർഗസ്ഥനായ എന്റെ പിതാവാണ് ഇത് നിനക്ക് വെളിപ്പെടുത്തി തന്നതെന്ന് കർത്താവ് പത്രോസിനോട് അരുളിച്ചെയ്യുകയും ചെയ്തു. 'യഹോവ എൻെറ കർത്താവിനോട് അരുളിച്ചെയ്യുന്നത് ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്ക' (സങ്കീർത്തനം 110:1). യഹോവ (കർത്താവ്) എന്റെ കർത്താവിനോട് (ക്രിസ്തു) അരുളിച്ചെയ്യുന്നത് എന്ന് ദാവീദ് ആത്മാവിൽ പാടുമ്പോൾ പിതാവായ ദൈവം പുത്രനായ കർത്താവിനോട് അരുളിച്ചെയ്യുന്നതിന്റെ വെളിപ്പാട് നൽകിയിരിക്കുകയാണ്. എന്റെ കർത്താവ് എന്ന് ദാവീദ് ക്രിസ്തുവിനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത് എന്ന് നമ്മുടെ കർത്താവ് തന്നെ ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. ദാവീദിന്റെ സിംഹാസനത്തിൽ വാഴുന്നതിന് വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന മശിഹാ (ക്രിസ്തു) തന്റെ വാഴ്ചയുടെ പിന്തുടർച്ചയായിട്ടല്ല, പ്രത്യുത ദാവീദിനെ രാജാവായി തിരഞ്ഞെടുത്തു രാജാവാക്കിയ തന്റെ കർത്താവാണ് അവിടുന്ന്. യഥാർത്ഥ രാജാവ് ക്രിസ്തുവാണ്. യഥാർത്ഥ രാജാവായ, തന്റെ കർത്താവായ ക്രിസ്തുവിന്റെ, പ്രതിനിധിയായിട്ട് മാത്രമാണ് താൻ ദൈവത്തിന്റെ ജനമായ ഇസ്രായേലിനു രാജാവായിരിക്കുന്നത് എന്ന് ദാവീദ് ആത്മാവിൽ ഗ്രഹിച്ചു.

**ക്രിസ്തുവായി ജഡാവതാരം ചെയ്ത്, മനുഷ്യനായി ഭൂമിയിൽ പിറന്നു. ദാവീദിന്റെ കർത്താവായവൻ ദാവീദിന്റെ സന്തതിയായി ജഡാവതാരം എടുത്തു. ദാവീദിന് ദൈവാത്മാവിനാൽ ഈ പരമാർത്ഥം ക്രിസ്തുവിന്റെ ജനനത്തിനു മുമ്പ് തന്നെ വെളിപ്പെട്ടു**

മശിഹാ (ക്രിസ്തു) തങ്ങളുടെ യഥാർത്ഥ രാജാവാണ് എന്ന സത്യം പരീശന്മാർക്കും ശാസ്ത്രിമാർക്കും മഹാപുരോഹിതന്മാർക്കും മുഴുവൻ ജനതയ്ക്കും അറിയാവുന്നതാണ്. കിഴക്കുനിന്നു വന്ന വിദ്വാന്മാർ ഹെരോദാവിനോട് ചോദിച്ചത് 'യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ?' എന്നായിരുന്നു (മത്തായി 2:2). മഹാപുരോഹിതന്മാരെയും ശാസ്ത്രിമാരെയും ഉടൻതന്നെ വിളിച്ചുവരുത്തി അവരോട് ചോദിച്ചു: 'ക്രിസ്തു എവിടെയാകുന്നു ജനിക്കുന്നത്? യഹൂദ്യയിലെ ബേത്‌ലഹേമിൽ തന്നെ' എന്ന് അവർ മറുപടി നൽകുകയും ചെയ്തു. അതെ, ക്രിസ്തുവാണ് യഹൂദന്മാരുടെ രാജാവ്. നിത്യരാജാവായ അവിടുന്ന്, യഹൂദന്മാരുടെ രാജാവായി അഥവാ ക്രിസ്തുവായി ജഡാവതാരം ചെയ്തു, മനുഷ്യനായി ഭൂമിയിൽ പിറന്നു. ദാവീദിന്റെ കർത്താവായവൻ ദാവീദിന്റെ സന്തതിയായി ജഡാവതാരം എടുത്തു. ദാവീദിന് ദൈവാത്മാവിനാൽ ഈ പരമാർത്ഥം ക്രിസ്തുവിന്റെ ജനനത്തിനു മുമ്പ് തന്നെ വെളിപ്പെട്ടു. ദാവീദിന്റെ പുത്രനെന്ന് അവിടുന്ന് വിളിക്കപ്പെടും എങ്കിലും അവിടുന്ന് ദാവീദിന്റെ കർത്താവാണ് എന്ന് ആത്മാവിൽ ദാവീദ് ഗ്രഹിക്കുകയും പാടുകയും ചെയ്തു.

ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം എന്റെ വലതുഭാഗത്ത് ഇരിക്ക

എന്ന് കർത്താവ് എന്റെ കർത്താവിനോട്, അതായത് പിതാവായ ദൈവം ജഡാവതാരം ചെയ്ത ക്രിസ്തുവിനോട് അരുളിച്ചെയ്തു. സാത്താനെ ആയുധവർഗം വെപ്പിച്ചു ക്രൂശിൽ ജയം നേടിയ കർത്താവ് മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ് സ്വർഗത്തിനും ഭൂമിക്കും അധികാരിയായി. പിതാവിന്റെ വലതുഭാഗത്ത് ഇരുന്ന് മധ്യസ്ഥത ചെയ്തുകൊണ്ട് സകല ശത്രുക്കളെയും കീഴടക്കി കൊണ്ടിരിക്കുന്നു. അവിടുന്ന് മടങ്ങി വരുമ്പോൾ താൻ ആരംഭിച്ച വീണ്ടെടുപ്പിന്റെ പ്രവൃത്തി പൂർത്തീകരിക്കും. പൗലോസിലൂടെ പരിശുദ്ധാത്മാവ് ആ വെളിപ്പാട് നമുക്ക് നൽകുന്നു: 'അന്ന് അവൻ എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ട് രാജ്യം പിതാവായ ദൈവത്തെ ഏൽപ്പിക്കും. അവൻ സകല ശത്രുക്കളെയും കാൽക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും. സകലത്തെയും അവന്റെ കാൽക്കീഴാക്കിയിരിക്കുന്നു എന്നുണ്ടല്ലോ, സകലവും അവനു കീഴ്പ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ സകലത്തെയും കീഴാക്കി കൊടുത്തവൻ ഒഴികെ അത്രേയെന്ന് സ്പഷ്ടം. എന്നാൽ അവന് സകലവും കീഴ്പ്പെട്ടു വന്നശേഷം ദൈവം സകലത്തിലും സകലവും ആകേണ്ടതിന് പുത്രൻ താനും സകലവും തനിക്ക് കീഴാക്കി കൊടുത്തവന് കീഴ്പ്പെട്ടിരിക്കും' (1 കൊരിന്ത്യർ 15: 24 - 28).

മശിഹായെക്കുറിച്ചുള്ള വെളിപ്പാട് ദാവീദിനും പഴയനിയമ വിശുദ്ധന്മാർക്കും പ്രവാചകന്മാർക്കും ലഭിച്ചത് ക്രിസ്തുവിന്റെ ആത്മാവിനാൽ ആയിരുന്നു എന്ന് പത്രോസ് പറയുന്നത് ശ്രദ്ധിക്കുക: 'അവരിലുള്ള ക്രിസ്തുവിൻ ആത്മാവ് ക്രിസ്തുവിന് വരേണ്ട കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും മുമ്പുകൂട്ടി സാക്ഷീകരിച്ചപ്പോൾ സൂചിപ്പിച്ച സമയം ഏതോ എങ്ങനെയുള്ളതോ എന്ന് പ്രവാചകന്മാർ ആരാഞ്ഞു നോക്കി, തങ്ങൾക്കായിട്ടല്ല നിങ്ങൾക്കായിട്ട് അത്രേ തങ്ങൾ ആ ശുശ്രൂഷ ചെയ്യുന്നു' എന്ന് അവർക്ക് വെളിപ്പെട്ടു (1പത്രോസ് 1: 11). ക്രിസ്തുവിന്റെ ആത്മാവിനാലാണ് ദാവീദ് തന്റെ കർത്താവിനെ അതായത് മശിഹായെ തിരിച്ചറിഞ്ഞത്. എന്നാൽ ക്രിസ്തു അവരുടെ മുമ്പിൽനിന്ന് സംസാരിച്ചിട്ടും പരീശന്മാർക്കും ശാസ്ത്രിമാർക്കും മഹാപുരോഹിതന്മാർക്കും ഒന്നും അവരുടെ മശിഹായെ തിരിച്ചറിയുവാൻ കഴിഞ്ഞില്ല എന്നത് എത്ര കഷ്ടം! കാരണം അവരുടെ തിരുവെഴുത്തുകളുടെ പഠനം ദൈവാത്മാവിന്റെ സഹായത്താൽ ആയിരുന്നില്ല. അവർക്ക് ആക്ഷരിക ജ്ഞാനം അല്ലാതെ ദൈവാത്മാവിനാൽ ലഭ്യമാകുന്ന വെളിപ്പാടിനാലുള്ള തിരുവചനജ്ഞാനം ഉണ്ടായിരുന്നില്ല. ഇന്നും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയണം. അതുകൊണ്ട് വളരെ പ്രസക്തമായ പൗലോസിന്റെ പ്രാർത്ഥന ശ്രദ്ധിക്കുക: 'എന്റെ പ്രാർത്ഥനയിൽ നിങ്ങളെ ഓർത്തുകൊണ്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും മഹത്വമുള്ള പിതാവുമായവൻ ***നിങ്ങൾക്ക് തന്നെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവിനെ*** തരേണ്ടതിനും നിങ്ങളുടെ ഹൃദയദൃഷ്ടി പ്രകാശിപ്പിച്ചിട്ട്....' (എഫെസ്യർ 1: 16, 17). നമുക്ക് വളരെ താഴ്മയോടെ ദൈവത്തിന്റെ ആത്മാവ് തിരുവചനത്തിൽ നിന്നും കർത്താവിനെ സംബന്ധിച്ച വെളിപ്പാടുകൾ തന്ന് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ നമ്മെ വളർത്തേണ്ടതിനായി പ്രാർത്ഥിക്കാം.

**പരീശന്മാരുടെ പരീക്ഷിച്ചുള്ള ചോദ്യങ്ങൾ അവസാനിച്ചു എങ്കിലും മാനസാന്തരപ്പെടുവാനോ തങ്ങളെത്തന്നെ താഴ്ത്തുവാനോ അവർ തയ്യാറായില്ല. ഇന്നും ഇങ്ങനെയുള്ളവരെ നമ്മുടെ സമൂഹത്തിൽ ധാരാളമായി കാണാം.**

ക്രിസ്തു ദാവീദിന്റെ പുത്രൻ ആണെങ്കിൽ, ദാവീദ് ആത്മാവിൽ അവനെ കർത്താവ് എന്ന് വിളിക്കുന്നത് എന്ത് എന്ന ചോദ്യത്തിനുമുമ്പിൽ ഉത്തരമില്ലാതെ പരീശന്മാർ കുഴഞ്ഞു. അന്നുമുതൽ ആരും അവനോട് ചോദ്യങ്ങൾ ചോദിക്കുവാൻ തുനിഞ്ഞില്ല എന്ന് മത്തായി പറഞ്ഞു നിർത്തുന്നു. പരീശന്മാരുടെ പരീക്ഷിച്ചുള്ള ചോദ്യങ്ങൾ അവസാനിച്ചു എങ്കിലും മാനസാന്തരപ്പെടുവാനോ തങ്ങളെത്തന്നെ താഴ്ത്തുവാനോ അവർ തയ്യാറായില്ല. ഇന്നും ഇങ്ങനെയുള്ളവരെ നമ്മുടെ സമൂഹത്തിൽ ധാരാളമായി കാണാം. അതിനാൽ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ പരീശന്മാരെ പോലെ ആകാതിരിക്കുവാൻ ഏറെ സൂക്ഷ്മത വേണം. തിരുവചനം ധ്യാനിച്ച് ദൈവത്തിൽ നിന്നും വെളിപ്പാടുകൾ പ്രാപിച്ച് ആത്മീക ജീവിതത്തിൽ പക്വതയുള്ളവരായി മുന്നേറുവാൻ നമുക്ക് ഉത്സാഹിക്കാം. ●

എന്നതിനെക്കാൾ ഒരു അടയാളമാണ്. അതു കാട്ടുതീയല്ല. ആയിരുന്നെങ്കിൽ മുൾപ്പടർപ്പു വെന്തുപോകുമായിരുന്നു. ഇവിടെ ദൈവത്തിന്റെ അഗ്നി ആ മുൾപ്പടർപ്പിന്മേൽ ഇറങ്ങിവരുന്നതാണ് നാം കാണുന്നത്. എന്താണ് ഇതിലെ അടയാളം? ദൈവത്തിന്റെ അഗ്നി ഇറങ്ങിവരുന്നത് നൂറ്റാണ്ടുകളുടെ ശൗര്യം പേറുന്ന ബലിഷ്ഠമായ ഓക്കു മരത്തിന്മേലല്ല, മനോഹാരിതയിൽ കുളിച്ചുനിൽക്കുന്ന ലില്ലിച്ചെടികളിന്മേലുമല്ല. പ്രത്യുത, ബലഹീനമായ മനോഹാരിതയില്ലാത്ത വെറുമൊരു മുൾപ്പടർപ്പിന്മേലാണ്.

ദൈവം ആവസിക്കുവാനിഷ്ടപ്പെടുന്നതു ബലിഷ്ഠന്മാരും സംസ്കാരസമ്പന്നരുമായ ഈജിപ്തിന്മേലല്ല. തകർക്കപ്പെട്ടവരും അടിമനുകത്തിന്റെ തഴമ്പുപിടിച്ചവരും ബലഹീനരുമായ യിസ്രായേലിന്മേലാണ്. ആ അഗ്നി, മുൾപ്പടർപ്പിനെ ദഹിപ്പിക്കുകയല്ല, ജ്വലിപ്പിക്കുകയാണ്! കത്തുന്ന മുൾപ്പടർപ്പ് മോശെയ്ക്കുള്ള അടയാളമാണ്! 'ബലഹീനരായ യിസ്രായേലിന്മേൽ ഞാൻ ഇറങ്ങിവരും; ബലഹീനനായ നിന്റെമേലും ഞാൻ ഇറങ്ങിവരും; ഞാൻ നിന്നോടു കൂടെയിരിക്കും' (പുറപ്പാട് 3:12). യിസ്രായേലിന്റെ വീണ്ടെടുപ്പിനു ദൈവത്തിന്റെ പങ്കാളിയാകുവാൻ നിയോഗിക്കപ്പെടുമ്പോൾ മോശെയെ അലട്ടിയ രണ്ടു പ്രശ്നങ്ങൾക്കും ദൈവം അടയാളങ്ങളിലൂടെ ഉത്തരം നല്കുന്നു. തന്നെ ഒഴിവാക്കണമെന്നു പറയാൻ അവൻ രണ്ടു ന്യായവാദങ്ങളാണു മുഴക്കിയത്.

**ഒന്ന്:** യിസ്രായേൽ ജനം തങ്ങളെത്തന്നെ തകർക്കപ്പെട്ടവരായി കണക്കാക്കുന്നു. വെറുമൊരു മുൾപ്പടർപ്പ്! അതുകൊണ്ട് സ്വാതന്ത്ര്യം വിദൂരമോ അസാധ്യമോ ആണ്. ദൈവം ഇടപെടുമെന്നു വിശ്വസിക്കുവാൻ അവരിൽ മിക്കവർക്കും കഴിയില്ല. അവരിൽ മിക്കവർക്കും യഹോവയുടെ നാമം (സ്വഭാവം) എന്തെന്നുപോലുമറിയില്ല (പുറപ്പാട് 3:11).

**രണ്ട്:** ഇനി ദൈവം ഇടപെടുമെന്നു മോശെ അവരോടു പറഞ്ഞാൽത്തന്നെ, അത് എങ്ങനെ വിശ്വസിക്കും? ഫറവോന്റെ കൊട്ടാരത്തിൽ കഴിഞ്ഞ, മോശെയ്ക്കു എങ്ങനെ ദൈവദർശനം ഉണ്ടാകും? ഇപ്പോഴവൻ മിദ്യാനിലാണെന്നു പറഞ്ഞാൽ, മിദ്യാന്യരും എബ്രായരല്ലല്ലോ. എബ്രായരുടെ സഹവാസമില്ലാതെ ജീവിച്ച മോശെയ്ക്കു എങ്ങനെ എബ്രായരുടെ ദൈവം വെളിപ്പെടും? യിസ്രായേൽ മക്കൾക്കു മോശെയിലൂടെ ഒരു ഉദ്ധാരണം ലഭിക്കുമെന്നു മിക്ക എബ്രായരും വിശ്വസിച്ചിരുന്നില്ല (അപ്പോസ്തല പ്രവൃത്തികൾ 7:25).

ഈ രണ്ടു ന്യായവാദങ്ങൾക്കുള്ള മറുപടിയാണ് വടി സർപ്പമാകുന്ന അടയാളം. മോശെയുടെ വടി-ഇടയന്റെ കോൽ- യിസ്രായേലിന്റെ പ്രതീകമാണ്. യിസ്രായേൽമക്കൾ തങ്ങളെത്തന്നെ കണക്കാക്കിയിരുന്നത്-അവരുടെ ഐഡന്റിറ്റി കണ്ടെത്തിയിരുന്നത് 'ഇടയന്മാർ' എന്ന നിലയിലാണ് (ഉൽപ്പത്തി 46:34). ഇടയന്റെ കോൽ ഒരു നിർജ്ജീവവസ്തുവാണ്. എന്നാൽ വിശുദ്ധ സ്ഥലത്ത് കവിണ്ണുവീഴുമ്പോൾ (പുറപ്പാട് 4:3) അതു ജീവനുള്ള സർപ്പമാകുന്നു. യിസ്രായേൽമക്കളോടു ദൈവം പറയുന്നു: ഒരു ഇടയന്റെ നിർജ്ജീവമായ കോൽ എന്ന് നിങ്ങളെത്തന്നെ കണക്കാക്കേണ്ട. വിശുദ്ധസ്ഥലത്തേക്കു വീഴുക, നിങ്ങൾ ജീവനുള്ള, ശൗര്യമുള്ള ഒരു സർപ്പമായിത്തീരും!

ഇനി അടുത്ത പ്രതിസന്ധി! ചത്ത വടിയായ യിസ്രായേലിനെ ജീവനുള്ള സർപ്പമാക്കാൻ ദൈവത്തിനു കഴിയും. എന്നാൽ മോശെയാണ് യിസ്രായേലിനെ നയിക്കേണ്ടത് എന്നതിനു എന്താണു തെളിവ്? വടി സർപ്പമായപ്പോൾ മോശെ അതിനെ കണ്ട് ഓടിപ്പോയി (പുറപ്പാട് 4:3). കർത്താവു പറഞ്ഞു: നിൽക്ക്! യിസ്രായേൽ എന്ന ഉണക്കവടിയെ ഞാൻ ജീവനുള്ള സർപ്പമാക്കുമ്പോൾ, അതിനെ നിയന്ത്രിക്കാനാളില്ലാതെ വെറുതെ വിടാനാവില്ല. നിന്നെ എനിക്കു വേണം. നീ അതിന്റെ വാലിൽ പിടിക്ക... യിസ്രായേലിനെ നിയന്ത്രിക്കാനുള്ള ശുശ്രൂഷ ഞാൻ നിന്നെ ഏല്പ്പിക്കുന്നു! (പുറപ്പാട് 4:4). സർപ്പമായിത്തീർന്ന വടി മോശെയുടെ കയ്യിൽ വീണ്ടും വടിയായിത്തീർന്നു. വടി സർപ്പമാകുന്ന അടയാളം ഫറവോനുള്ളതല്ല, ദൈവം മോശെയിലൂടെ സംസാരിച്ചെന്നും യിസ്രായേലിന്റെ നിയന്ത്രണം ദൈവം മോശെയെ ഭരമേൽപ്പിച്ചിരിക്കുന്നുവെന്നും യിസ്രായേല്യർ വിശ്വസിക്കേണ്ടതിനുവേണ്ടിയാണ് (പുറപ്പാട് 4:5).

ഫറവോന്റെ മുമ്പിൽ അത്ഭുതം ആവർത്തിക്കുകയാണ്. എന്നാൽ, അടയാളം വ്യത്യസ്തമാണ്! അഹരോൻ തന്റെ വടി ഫറവോന്റെയും ഭൃത്യന്മാരുടെയും മുമ്പാകെ നിലത്തിട്ടു; അതു സർപ്പമാ

യിത്തീർന്നു (പുറപ്പാട് 7:10). 'സർപ്പം' എന്ന വാക്കിനിവിടെ 4-ാം അധ്യായത്തിലും 7-ാം അധ്യായത്തിലും വ്യത്യസ്ത വാക്കുകളാണുപയോഗിക്കുന്നത്. മോശെ വടി നിലത്തിടുമ്പോൾ അതു ജീവനുള്ള സർപ്പം-സാധാരണ പാമ്പ്-ആയിത്തീരുന്നു. എന്നാൽ, ഫറവോന്റെ മുമ്പിൽ അഹരോൻ നിലത്തിടുന്ന വടി സാധാരണ പാമ്പല്ല, ഒരു ജലവ്യാളിയായിത്തീരുകയാണ്. ഇംഗ്ലീഷ് പരിഭാഷയിൽ വ്യാളിക്കു dragon എന്നാണ് പറഞ്ഞിരിക്കുന്നത്.

വ്യാളി ഈജിപ്തിന്റെ ചിഹ്നമാണ് (യെഹസ്കേൽ 29:3). മോശെ ഇട്ട വടി സർപ്പമാകുന്നത് യിസ്രായേൽമക്കൾക്കുള്ള അടയാളമാണെങ്കിൽ, അഹരോൻ ഇട്ട വടി വ്യാളിയാവുന്നത് ഫറവോനോടുള്ള ദൈവത്തിന്റെ ഭാഷയാണ്. ഈജിപ്ത് നൂറ്റാണ്ടുകളായി ഒരു വ്യാളിയെപ്പോലെയായിരുന്നു. എന്നാൽ, ഇനി യിസ്രായേലാണു വ്യാളി! ഫറവോന്റെ മനസ്സ് ഉരുകിയില്ല. അവൻ തന്റെ വിദ്വാന്മാരെയും ക്ഷുദ്രക്കാരെയും വിളിപ്പിച്ചു. മിസ്രയീമ്യമന്ത്രവാദികളും അവരുടെ വടി നിലത്തിട്ടു; അതും വ്യാളികളായിത്തീർന്നു! പ്രത്യക്ഷത്തിൽ ഇത് അഹരോന്റെയും മോശെയുടെയും പരാജയമായിത്തോന്നാം. എന്നാൽ, ദൈവം വ്യാളിയെത്തന്നെ അടയാളമാക്കാൻ, മിസ്രയീമ്യർ വടി വ്യാളിയാക്കുന്നത് നോക്കിയിരിക്കുകയായിരുന്നു, ഒരു നിമിഷംകൊണ്ട് അഹരോന്റെ വടി അതായത് 'യിസ്രായേൽ വ്യാളി' മന്ത്രവാദികളുടെ വടികളെ അതായത് 'മിസ്രയീമ്യവ്യാളികളെ' വിഴുങ്ങിക്കളഞ്ഞു! ഫറവോനോടുള്ള ദൈവത്തിന്റെ സന്ദേശം അഥവാ അടയാളം കൃത്യതയുള്ളതാക്കാൻ ദൈവം മന്ത്രവാദികളുടെ വടികൾ വ്യാളികളാക്കാൻ അവരെ സമ്മതിക്കുകയായിരുന്നു! അത്ഭുതങ്ങളുടെ പിന്നിലുള്ള ദൈവഭാഷയാണ് അടയാളം! ഫറവോൻ അത്ഭുതം കണ്ടു; അടയാളവും കണ്ടില്ലെന്നു പറയാനാവില്ല. എന്നാൽ, അടയാളം അനുസരണത്തിലേക്കു നീങ്ങിയില്ല. ഇനി ദൈവത്തിനു പ്രവർത്തിച്ചേ പറ്റൂ. അടയാളം യാഥാർഥ്യമാവുന്നതാണ് പിന്നീടുള്ള ചരിത്രം.

ദൈവം യിസ്രായേലിനെ തന്റെ നീട്ടിയ ഭുജം കൊണ്ടു വിടുവിച്ചു. അവർ ചെങ്കടലിന്റെ തീരത്തെത്തിയപ്പോൾ, ഫറവോൻ അവരെ പിന്തുടർന്നു. ദൈവത്തിന്റെ വടി ചെങ്കടലിനെ പിളർന്ന് യിസ്രായേലിനെ അക്കരെയെത്തിച്ചു (പുറപ്പാട് 14:16). പിന്തുടർന്ന ഫറവോന്യസൈന്യം ചെങ്കടലിനു നടുവിലെത്തിയപ്പോൾ വീണ്ടും മോശെ തന്റെ കൈ ചെങ്കടലിനു നേരേ നീട്ടി. ഇതാ യിസ്രായേലിന്റെ ദൈവം ജലവ്യാളിയെയല്ല, ജലത്തെത്തന്നെ വ്യാളിയാക്കി ഫറവോനെയും സൈന്യത്തെയും വിഴുങ്ങിക്കളയുന്നു! മോശെയുടെ വടി ഫറവോന്റെ മുമ്പിൽ ജലവ്യാളിയായി മിസ്രയീമ്യവ്യാളികളെ വിഴുങ്ങുന്ന 'അടയാളം' ഇവിടെ അടയാളമല്ല, യാഥാർഥ്യമായിത്തീരുന്നു!

ദൈവത്തിന്റെ 'അടയാളങ്ങൾ' എത്ര വിചിത്രം! അല്ലേ? അതറിയുന്നവനു ആത്മാവിലൊരു സ്തോത്രമുതിർക്കാൻ വേറെന്താണു വേണ്ടത്? അത്ഭുതങ്ങൾക്കപ്പുറത്ത് അവിടുത്തെ അടയാളങ്ങളുടെ ഭാഷ മനസിലാക്കാനും അനുസരിക്കാനും നമുക്ക് പ്രാർത്ഥിക്കാം! •

➤ 22

നല്ല ഇടയനോടൊപ്പം ഒരു സഞ്ചാരം

ന്നില്ല. പക്ഷേ മനുഷ്യഭയത്താൽ എതിർത്തു പറയുന്നുമില്ല. ഓ! ദൈവമേ എന്റെ ഭക്തി, എന്റെ വിശ്വാസം, എന്റെ സാക്ഷ്യം... ഇതൊക്കെ ആരെ ഭയന്നിട്ടാണ്...? അങ്ങയെ മാത്രം ഭയക്കുവാൻ എനിക്ക് കൃപ തരണമേ... വീണ്ടും ഹൃദയം നിലവിളിക്കുന്നു. മുന്തിരിത്തോട്ടം നോക്കുവാൻ ഏൽപ്പിച്ചവർ തോട്ടത്തിന്റെ ഫലം ഉടമയ്ക്ക് കൊടുക്കാത്തത് കൊണ്ട് അവകാശം ജാതികൾക്ക് കൊടുക്കപ്പെടും എന്ന പ്രവചനത്തോടെയാണ് ഇരുപത്തിയൊന്നാം അധ്യായം അവസാനിക്കുന്നത്. ഒരേ ഒരു അധ്യായത്തിൽ യേശുവിനൊപ്പം സഞ്ചരിക്കുമ്പോൾ തുറക്കപ്പെടുന്നത് എത്രയെത്ര പുതുവഴികൾ! ഹൃദയാന്തർഭാഗങ്ങളിൽ ഗുപ്തമായിരിക്കുന്ന എത്രയെത്ര അയിരുകളെ നിധികളായി രൂപാന്തരപ്പെടുത്തുന്നു, എന്റെ യേശു.

പ്രിയ സഹോദരിമാരെ, പാരമ്പര്യശീലങ്ങൾ, നിയമങ്ങൾ ഇവയൊന്നും നമ്മെയോ നമ്മുടെ വിശ്വാസത്തെയോ മാനിക്കുന്നില്ലായിരിക്കാം... പക്ഷേ അതൊന്നും യേശുവിനൊപ്പം നടക്കുന്നതിൽ നിന്ന് നമ്മെ പിന്തിരിപ്പിക്കാതിരിക്കട്ടെ! കരുണാമയനായ നമ്മുടെ കർത്താവ്, തന്നെ ചോദ്യം ചെയ്യുന്ന താർക്കികരോട് പോലും സ്വസ്ഥത നഷ്ടപ്പെടാതെ മറുപടി പറയുമ്പോൾ, ബലഹീനപാത്രങ്ങളായ നമ്മോട് എത്ര ആർദ്രതയോടെ മറുപടി പറയും...! അവനെ കൂടുതൽ അറിയാനും അങ്ങനെ കൂടുതൽ സ്നേഹിക്കാനും സുവിശേഷ സഞ്ചാരങ്ങൾ നമുക്ക് പ്രചോദകം ആകട്ടെ! •

# കുറ്റകൃത്യങ്ങളും കുറ്റവാളികളും ഇല്ലാതായാൽ !

ലഹരിയുടെ ഉപയോഗം മുതിർന്നവരിലും കുട്ടികളിലും അതിരൂക്ഷമായി കണ്ടുവരുന്ന കാലം. സമൂഹമാകെ ഓരോ ചുവടുവെപ്പിലും കണ്ണിമയ്ക്കാതെ നിരീക്ഷിക്കേണ്ട സാഹചര്യം. എൽ കെ ജി കുട്ടിയിൽ തുടങ്ങി ഉന്നതശ്രേണിയിലെ സകല വിദ്യാർത്ഥികളെയും വരെ പിടികൂടാൻ പതുങ്ങിയിരിക്കുന്ന ആർത്തിപൂണ്ട ലാഭക്കൊതിയന്മാരുടെ ലഹരിക്കൈകളാണ് ചുറ്റും. അത് ഓരോ ചുവടിലും അവരെ പിന്തുടരുന്നു. മയക്കു മരുന്നു മാഫിയകൾ അവരെ തുറിച്ചുനോക്കുന്നു. വ്യത്യസ്ത തരത്തിലുള്ള ലഹരിവിൽപ്പനക്കാരാൽ ചെറുപ്രായത്തിൽ തന്നെ എട്ടുംപൊട്ടും തിരിയാത്ത കുട്ടികൾ വരെ ലഹരിക്ക് കീഴ്പ്പെട്ടുപോകുന്നു എന്ന യാഥാർത്ഥ്യം ലോകത്തെ കീഴ്മേൽ മറിച്ചുതുടങ്ങിക്കഴിഞ്ഞു. ഇത് ഇളംതലമുറയിൽ പഠനത്തോടും ജീവിതത്തോടുമുള്ള താൽപര്യത്തെ പാടെ ഇല്ലാതാക്കും

ഇത്ര ഭീകരവും ക്രൂരവും പൈശാചികവുമായ അവസ്ഥ ഇതിനുമുമ്പ് കേട്ടിട്ടെങ്കിലും ഉണ്ടോ? സുബോധം നശിച്ച് സഹപാഠികളെപ്പോലും ക്രൂരമായി കൊല്ലുന്നു, മാനഭംഗപ്പെടുത്തുന്നു. എന്തിനേറെ, അമ്മപെങ്ങന്മാരെയും സഹോദരങ്ങളെയും തിരിച്ചറിയാതെ അന്ധത ബാധിച്ച ഇവർ കുടുംബത്തിനും സമൂഹത്തിനും ഭീഷണിയും തീരാകളങ്കവുമായി തേർവാഴ്ച നടത്തുന്നു. ലഹരിവിമുക്ത പ്രവർത്തനങ്ങളെക്കാൾ എത്രയധികം വേഗതയിലാണ് ലഹരി വ്യാപനത്തിന്റെ നീരാളിക്കൈകൾ സമൂഹത്തിൽ തിന്മ വിതയ്ക്കുന്നത്. നിർമ്മാർജ്ജനപദ്ധതികൾ ആരംഭശൂരത്വം മാത്രം കാട്ടി ഇല്ലാതായി കെട്ടടങ്ങുമോ? യുക്തിക്കു നിരക്കാത്ത നിയമങ്ങൾ ഇവയെ കീഴ്പ്പെടുത്തുവാൻ പര്യാപ്തമോ? പ്രായപൂർത്തി ആയില്ല എന്ന കാരണത്താൽ ജുവനൈൽ ഹോമിലേക്ക് അയയ്ക്കുന്നത് പ്രഹസനമായി അവസാനിക്കയല്ലേ? രജിസ്റ്റർ മാരിയേജ് ചെയ്യണമെങ്കിൽ പ്രായപൂർത്തിയാകണമെന്നു കർശന നിയമമുള്ള ഈ നാട്ടിൽ പ്രായപൂർത്തിയാകാത്തവർക്കുപോലും പരസ്പരസമ്മതത്തോടെ ഒരുമിച്ചു താമസിച്ചു ശാരീരിക ബന്ധത്തിലേർപ്പെടുന്നതിനു നിയമപരിരക്ഷയുണ്ട് എന്നത് ഏതു യുക്തിക്കു നിരക്കുന്നതാണ്? അതിനേക്കാൾ മാരകമല്ലേ സമൂഹത്തെയാകെ നശിപ്പിക്കുന്ന കുട്ടിക്കുറ്റവാളികളുടെ ജുവനൈൽ ഹോമിലെ വാസവും ശിക്ഷയും? കാലോചിതമായ നിയമഭേദഗതികൾ ബന്ധപ്പെട്ടവർ അടിയന്തിരമായി പ്രാബല്യത്തിൽ കൊണ്ടുവരേണ്ടതല്ലേ?

കുറ്റകൃത്യങ്ങളും കുറ്റവാ ളികളുമില്ലാത്ത ഒരു ലോകത്തെക്കുറിച്ചു ചിന്തിച്ചിട്ടുണ്ടോ? അങ്ങനെയെങ്കിൽ ലഭ്യമാകുന്ന നേട്ടങ്ങൾ അനവധിയാണ്. സാമ്പത്തികമായും ആരോഗ്യപരമായും മാനസികമായും ലഭിക്കുന്ന നേട്ടങ്ങൾ അവിശ്വസനീയമാണ്. കുറ്റവാളികൾ ഇല്ലാതായാൽ പോലീസ്, കോടതി, ജയിലുകൾ, എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ ആവശ്യമേയല്ലാതാകുന്നു. സത്യസന്ധതയും സമാധാനവും സുരക്ഷിതത്വവും എല്ലാവർക്കും ലഭ്യമാക്കുന്ന അവിശ്വസനീയമായ ഒരു ഭരണത്തെയും രാജാവിനെയും തിരുവെഴുത്തു വെളിപ്പെടുത്തുന്നു. യേശു രാജാവായി നീതിയോടെ വാഴുന്ന രാജ്യത്തിൽ ഇത് നൂറുശതമാനം അനുഭവിക്കാൻ കഴിയും. ഇപ്പോൾ യേശു ആരുടെയെല്ലാം ഹൃദയങ്ങളിൽ രാജാവായി വാഴുന്നുവോ അവരുടെ ജീവിതത്തിലും ഇത് പ്രാപ്യമായിരിക്കും •

# ക്രൂശിതനോടൊപ്പമുള്ള യാത്ര

യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളുടെ ഓർമ്മപ്പുതുക്കലെപ്പോഴും കുരിശിന്റെ വഴിയിലൂടെയുള്ള ഒരു യാത്രാനുഭവമാണ്. നിന്ദ്യമായ ക്രൂശ് മരണം വരിച്ച യേശു ലോകത്തിന്റെ രക്ഷകനാകുക എന്നത് യഹൂദന്മാർക്ക് മാത്രമല്ല യേശുവിനെ അനുഗമിച്ച ശിഷ്യഗണത്തിനും ഉൾക്കൊള്ളുവാൻ കഴിയാതെ പോയി. ഗുരുവിന്റെ തലയിൽ വെച്ച മുൾക്കിരീടവും കുരിശിൽ ചൊരിഞ്ഞ രക്തവും ശാപത്തിന്റെ പ്രതീകം ആയിട്ടാണ് അവർ കരുതിയിരുന്നത്. അതുകൊണ്ടാണ് കുരിശും ചുമന്നു പോകുന്ന ക്രിസ്തുവിന്റെ വഴിയിൽനിന്ന് അകന്നു നിൽക്കുവാൻ അവിടുത്തെ ശിഷ്യന്മാർ ശ്രദ്ധിച്ചത്.

കുരിശിന്റെ വഴിയിലൂടെ ഗുരുവിനെ അനുഗമിപ്പാൻ, ഗുരുവിന്റെ ഇടത്തും വലത്തും ഇരിക്കുവാനാഗ്രഹിച്ച യോഹന്നാനോ യാക്കോബോ യേശുവിന്റെ രക്ഷയ്ക്കായി വാളെടുത്ത പത്രോസോ ഒന്നും ഒരുക്കപ്പെട്ടിരുന്നില്ല എന്നതാണ് വാസ്തവം. ഒന്നാമൻ ആകാനുള്ള വ്യഗ്രത പ്രകടിപ്പിച്ച ശിഷ്യരെ അടുത്തു വിളിച്ച് യേശുകർത്താവ് ഇപ്രകാരം പഠിപ്പിച്ചു. 'നിങ്ങളിൽ മഹാനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസൻ ആകണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനും അനേകർക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കാനും അത്രേ വന്നത്'. ക്രൂശിന്റെ സഹയാത്രയുടെ അകപ്പൊരുൾ ഈ വാക്യത്തിൽ സംഗ്രഹിച്ചിരിക്കുന്നു. ക്രിസ്തുശിഷ്യത്വത്തിന്റെ അടിസ്ഥാന യോഗ്യതയെക്കുറിച്ച് അവിടുന്ന് ഇങ്ങനെ കൂടി പറഞ്ഞു. 'എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ച് നാൾ തോറും തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ' (ലൂക്കോസ് 9 :23).

യേശുകർത്താവ് ഒരിക്കലായി സർവ്വമാനവ ജാതിയുടെയും രക്ഷയ്ക്ക് ക്രൂശിക്കപ്പെട്ടതിന്റെ ഓർമ്മയ്ക്കായി വലിയ മരക്കുരിശ് ചുമന്ന് ദുഖവെള്ളിയാഴ്ചയിലോ ക്രിസ്തുവിന്റെ കഷ്ടാനുഭവസ്മരണ ദിനങ്ങളിലോ നടക്കുമ്പോൾ ക്രിസ്തു പഠിപ്പിച്ചതിൽ നിന്ന് ആയിരം കാതം അകന്നു നിൽക്കാനാണ് യഥാർത്ഥത്തിൽ സംഘടിത ക്രൈസ്തവ വിശ്വാസികൾ ശ്രമിക്കുന്നത്. ക്രൂശീകരണം ഒരു വ്യക്തിയുടെ അന്ത്യം കുറിക്കുന്നതുപോലെ സ്വയവ്യക്തിത്വത്തെ ഇല്ലാതാക്കാനാണ് ക്രൂശിക്കപ്പെട്ടവനോട് ചേർന്നുള്ള ജീവിതയാത്രയിൽ ശിഷ്യൻ ആഗ്രഹിക്കേണ്ടത്.

അതെ, നമ്മെക്കുറിച്ചും നമുക്ക് ലഭിക്കേണ്ട സ്ഥാനമാനങ്ങളെക്കുറിച്ചും ലേശവും ചിന്തിക്കാതെ ക്രിസ്തുവിനെയും ക്രിസ്തു ഉപദേശിച്ച കൽപ്പനകളെയും സമ്പൂർണ്ണമായി അനുസരിക്കുമ്പോൾ മാത്രമേ യഥാർത്ഥ ക്രിസ്തുശിഷ്യത്വം രൂപാന്തരപ്പെടുകയുള്ളൂ.

–എംസി

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 031505300011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.04.2025

NERVEEDHI - APRIL 2025
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും




## വിശുദ്ധ വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിൽ

ഭാര്യാഭർത്താക്കന്മാർ അന്യോന്യം എപ്രകാരമായിരിക്കണമെന്നും, മക്കളെ എങ്ങനെ വളർത്തണമെന്നുമുള്ള വ്യക്തമായ കാഴ്ചപ്പാട് വിശുദ്ധ വേദപുസ്തകം നമുക്ക് നല്കുന്നതിനാൽ ഓരോ കുടുംബത്തിന്റെയും പ്രാധാന്യത വ്യക്തമാക്കുകയാണ്.

ഈ ദൈവിക പ്രമാണങ്ങൾ പാലിച്ചാൽ അനുഗ്രഹിക്കപ്പെട്ട കുടുംബജീവിതം ഓരോരുത്തർക്കും സാധ്യമാണ്. അപ്പോൾ ദൈവം അവരിലൂടെ ചെയ്യുവാനിരിക്കുന്ന പദ്ധതിയുടെ പൂർത്തീകരണം സാധ്യമാകുകയും അവരുടെ ജീവിതം പൂർണ്ണ അനുഗ്രഹവും ലക്ഷ്യപ്രാപ്തിയുള്ളതും ആകുകയും ചെയ്യും.

ഇപ്പോൾ ലഭ്യമാണ്




മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു? ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ് **പ്രത്യാശ മരണത്തിനപ്പുറം.**

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്.

പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും. അനുഗ്രഹീത ദൈവദാസൻ ജോയ് എം തോമസ് എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678




*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.